തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

കേരള സർക്കാർ

# തദ്ദേശകം

ഒക്ടോബർ 2025 പുസ്തകം 1 ലക്കം 9



## അതിദാരിദ്ര്യമില്ലാത്ത കേരളം



Extreme Poverty Free Kerala
LSGD
THE REAL KERALA STORY
Kerala to be declared India's first extreme poverty-free state on 1 November 2025

തദ്ദേശ സ്വയംഭരണ വകുപ്പ്
കേരള സർക്കാർ

# തദ്ദേശകം

ഒക്ടോബർ 2025 പുസ്തകം 1 ലക്കം 9

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

## എഡിറ്റോറിയൽ

# അതിദാരിദ്ര്യമില്ലാത്ത കേരളം പിറക്കുന്നു

ഈ നവംബർ 1 ന് കേരളം അതിദാരിദ്ര്യ മുക്ത സംസ്ഥാനമായി പ്രഖ്യാപിക്കപ്പെടുകയാണ്. സംസ്ഥാനത്തിന്റെ സാമൂഹിക വികസന ചരിത്രത്തിൽ ഈ പ്രഖ്യാപനം മറ്റൊരു നാഴികക്കല്ലാവും. വികസനവും സാമൂഹിക നീതിയും കൂട്ടിയിണക്കുന്ന നയസമീപനത്തിന്റെയും ഇച്ഛാശക്തിയോടെയുള്ള പ്രവർത്തനത്തിന്റെയും വിജയമാണ് ഈ നേട്ടം.

സാമൂഹ്യ സുരക്ഷാ പദ്ധതികൾ, വിപുലമായ പൊതുവിതരണ സമ്പ്രദായം, ശക്തമായ പൊതുജനാരോഗ്യ സംവിധാനങ്ങൾ, പൊതുവിദ്യാലയങ്ങളുടെ കരുത്തുറ്റ ശൃംഖല എന്നിവയുടെ പിൻബലത്തോടെ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ കേരളം കൈവരിച്ച നേട്ടങ്ങൾ ലോകം പ്രശംസിച്ചതാണ്.

മാനവ വികസന സൂചകങ്ങളിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയാവുന്ന നേട്ടങ്ങൾ പതിറ്റാണ്ടുകൾക്കു മുമ്പുതന്നെ കേരളം കൈവരിച്ചിരുന്നു. 1970കളിൽ 60 ശതമാനത്തിന് അടുത്തായിരുന്ന ദാരിദ്ര്യം സമത്വബോധത്തിൽ ഊന്നിയ സാമൂഹ്യ ഇടപെടലുകളിലൂടെയും ലക്ഷ്യബോധമുള്ള ഭരണനടപടികളിലൂടെയും പടിപടിയായി കുറച്ചു കൊണ്ടുവരാൻ നമുക്കായി. 2011–12–ൽ 11.3% ആയിരുന്നു സംസ്ഥാനത്തെ ദാരിദ്ര്യം. 2023 ലെ നിതി ആയോഗിന്റെ റിപ്പോർട്ട് അനുസരിച്ച് 0.55% മാത്രമാണ് ദാരിദ്ര്യത്തിന്റെ തോത് .

2021 ൽ ആരംഭിച്ച അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി ശാസ്ത്രീയമായി നിശ്ചയിക്കപ്പെട്ട പങ്കാളിത്ത പ്രക്രിയയിലൂടെ 64006 അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തി. ഈ കുടുംബങ്ങൾക്ക് ആഹാരം, ആരോഗ്യം, പാർപ്പിടം, വരുമാനം എന്നീ അടിസ്ഥാന ആവശ്യങ്ങൾ ഉറപ്പാക്കിയതിനു ശേഷമാണ് ഈ ചരിത്ര പ്രഖ്യാപനത്തിലേക്ക് കേരളം കടക്കുന്നത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, പ്രാദേശിക സാമൂഹിക പിന്തുണാ സംവിധാനങ്ങൾ എന്നിവയും സന്നദ്ധ പ്രവർത്തകരും ഒത്തൊരുമയോടെ നടത്തിയ പ്രവർത്തനങ്ങളാണ് ഇത് സാധ്യമാക്കിയത്. ഈ നിമിഷത്തിന്റെ ആഹ്ലാദവും അഭിമാനവും നമുക്ക് പങ്കിടാം. അതിദാരിദ്ര്യത്തിൽ നിന്ന് കരകയറിയ കുടംബങ്ങൾ തിരിച്ച് അതിദരിദ്രാവസ്ഥയിലേക്ക് പതിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സർക്കാർ ശ്രമങ്ങളും തുടരുകയാണ്. ജാഗ്രതയോടെ നാടിനെ കാക്കുകയാണ് ഒരു സർക്കാർ.

**ദീപ കെ.**
എഡിറ്റർ

ഉപദേശക സമിതി

*ചെയർമാൻ*
**എം.ബി. രാജേഷ്**
തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി

*കൺവീനർ*
**ജെറോമിക് ജോർജ്ജ്** ഐ.എ.എസ്
പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ.

*അംഗങ്ങൾ*
**അപൂർവ്വ ത്രിപാഠി** ഐ.എ.എസ്
ഡയറക്ടർ, എൽ.എസ്.ജി.ഡി (റൂറൽ)
**സൂരജ് ഷാജി.** ഐ.എ.എസ്
ഡയറക്ടർ, എൽ.എസ്.ജി.ഡി (അർബൻ)
**എ. നിസാമുദ്ദീൻ.** ഐ.എ.എസ്
ഡയറക്ടർ, കില

**ഷിജി ഇ ചന്ദ്രൻ**
ചീഫ് ടൗൺ പ്ലാനർ

**സന്ദീപ്. കെ.ജി**
ചീഫ് എൻജിനീയർ

**എം.പി. അജിത്കുമാർ**
അഡീഷണൽ ഡയറക്ടർ

**കെ.എം. ഉഷ**
പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**ബി.പി. മുരളി**
പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ

**കെ.ജി. രാജേശ്വരി**
ചെയർപേഴ്സൺ, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചേംബർ

**എം. കൃഷ്ണദാസ്**
ചെയർമാൻ, ചേംബർ ഓഫ് മുൻസിപ്പൽ ചെയർമാൻ

**അനിൽകുമാർ. എം**
പ്രസിഡന്റ്, മേയേർസ് കൗൺസിൽ സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

*എഡിറ്റർ*
**ദീപ. കെ.**
*ചീഫ് ഓഫീസർ,*
കമ്മ്യൂണിക്കഷൻ & പബ്ലിക് റിലേഷൻസ്

*അസിസ്റ്റന്റ് എഡിറ്റർ*
**ദിനിൽ. ആർ**
സ്റ്റേറ്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ,

*കമ്മ്യൂണിക്കേഷൻ അസിസ്റ്റന്റ്*
**ഷിജു ഏലിയാസ്**

*സർക്കുലേഷൻ മാനേജർ*
**ജയപ്രകാശ്. കെ**
അസിസ്റ്റന്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ

*കവർ & ലേ-ഔട്ട്*
**ദീപക് മൗത്താട്ടിൽ**

*കവർ ചിത്രം*
**വിൻസെന്റ് പീറ്റർ**

*ഓഫീസ്*
കമ്മ്യൂണിക്കഷൻ & പബ്ലിക് റിലേഷൻസ്
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്
കവടിയാർ. പി.ഒ. തിരുവനന്തപുരം-03
ഫോൺ- 0471 2317262

ribkerala@gmail.com
lsgdpr2024@gmail.com

തദ്ദേശ സ്വയംഭരണ വകുപ്പ്
കേരള സർക്കാർ

തദ്ദേശകം

ജൂൺ 2025 പുസ്തകം 1 ലക്കം 4

# ഉള്ളടക്കം




ലേഖനങ്ങളോടൊപ്പം ഉപയോഗിച്ചിരിക്കുന്ന ചിത്രങ്ങൾ
യഥാർത്ഥ ഗുണഭോക്താക്കളുടേതല്ല




06
അതിദാരിദ്ര്യമില്ലാത്ത കേരളം
പിണറായി വിജയൻ മുഖ്യമന്ത്രി

10
അതിദാരിദ്ര്യ മുക്ത കേരളം
കരുതലിന്റെ കഥ
എം ബി രാജേഷ് തദ്ദേശ സ്വയംഭരണ, എക്സൈസ്,
പാർലിമെന്ററികാര്യ വകുപ്പ് മന്ത്രി

20
അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ കേരള മാതൃക:
മാറ്റത്തിന്റെ ചരിത്രപ്രഖ്യാപനം
രാജീവ് വി. ആർ

30
വിഷൻ 2031
കേരള വികസന രൂപരേഖ

37
തദ്ദേശവാർത്തകൾ

**പിണറായി വിജയൻ**
മുഖ്യമന്ത്രി

# അതിദാരിദ്ര്യമില്ലാത്ത കേരളം





2025 നവംബർ 1-ന് കേരളം ഇന്ത്യയിലെ ആദ്യ അതിദാരിദ്ര്യമുക്ത സംസ്ഥാനമായി ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെടുകയാണ്. ഇത് സമൂഹത്തിന്റെ ആത്മവിശ്വാസം ഉയർത്തുകയും പങ്കാളിത്ത വികസന മാതൃക ശക്തിപ്പെടുത്തുകയും ചെയ്യുന്ന മഹത്തായ നേട്ടമാണ്. സർക്കാരിന്റെ നിശ്ചയദാർഢ്യവും തദ്ദേശസ്വയംഭരണ സംവിധാനങ്ങളുടെ സഹകരണവും ജനങ്ങളുടെ സജീവ പങ്കാളിത്തവും ചേർന്നാൽ എത്ര സങ്കീർണ്ണമായ സാമൂഹ്യപ്രശ്നങ്ങളും പരിഹരിക്കാൻ കഴിയുമെന്ന വ്യക്തമായ സന്ദേശമാണ് ഈ പ്രഖ്യാപനം ലോകത്തിന് നൽകുന്നത്.

അതിദാരിദ്ര്യമുക്തമായിത്തീരുന്നതോടെ, ഐക്യരാഷ്ട്രസഭയുടെ ഒന്നും രണ്ടും സുസ്ഥിര വികസന (SDG) ലക്ഷ്യങ്ങൾ (ദാരിദ്ര്യ നിർമ്മാർജനവും വിശപ്പിൽ നിന്നുള്ള മോചനവും) പൂർണ്ണമായി കൈവരിക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളം മാറും. ലോകത്തിന്റെ പ്രശംസ ലഭിച്ച കേരള വികസന മാതൃകയുടെ മറ്റൊരു വിജയമായി ഇത് അംഗീകരിക്കപ്പെടും. ആരെയും മാറ്റി നിർത്താത്ത, എല്ലാവർക്കും ഇടമുള്ള വികസനം സാധ്യമാണെന്ന് ഈ നേട്ടം തെളിയിക്കുന്നു.

2021-ൽ സംസ്ഥാന സർക്കാർ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി (EPEP) ആരംഭിച്ചപ്പോൾത്തന്നെ, അതുവരെയുള്ള എല്ലാ ദാരിദ്ര്യ ലഘൂകരണ പദ്ധതികളിൽ നിന്നും അത് വ്യത്യസ്തമായിരുന്നു. വീടുകൾ തോറും സർവ്വേ നടത്തി അതിദാരിദ്ര്യത്തിൽ കഴിയുന്ന കുടുംബങ്ങളെ കണ്ടെത്തുക, അവരുടെ ജീവിതാവസ്ഥയ്ക്ക് അനുസരിച്ച് ഓരോ കുടുംബത്തിനും പ്രത്യേക മൈക്രോപ്ലാൻ തയ്യാറാക്കുക, അപേക്ഷ നൽകാനും രേഖകൾ ഹാജരാക്കാനും



ഗുണഭോക്താക്കളോട് ആവശ്യപ്പെടുന്ന രീതി മാറ്റി ഓരോരുത്തരുടെയും പ്രായാസങ്ങൾ മനസ്സിലാക്കി ജനകീയ പിന്തുണാ സംവിധാനങ്ങളിലൂടെ അവർക്ക് സഹായം എത്തിക്കുക – ഇതായിരുന്നു പദ്ധതിയുടെ സമീപനം. ഇത് ലോകത്തെവിടെയുമുള്ള ദാരിദ്ര്യ നിർമാർജന പദ്ധതികളിൽ നിന്ന് വ്യത്യസ്തമായ, പുതിയ ഒരു മാതൃകയാണ്

പങ്കാളിത്ത മാതൃകയിലുള്ള (participatory) അതിദാരിദ്ര്യ നിർണ്ണയപ്രക്രിയയിലൂടെയാണ് അതിദരിദ്രരെ കണ്ടെത്തിയത്. അടുത്ത ഘട്ടത്തിൽ അവരുടെ ആവശ്യങ്ങൾ അനുസരിച്ച് ഹ്രസ്വകാല, ഇടക്കാല, ദീർഘകാല മൈക്രോ പ്ലാനുകൾ തയ്യാറാക്കി. അതിനു ശേഷമാണ് ഭക്ഷണം, ആരോഗ്യ പരിരക്ഷ, സുരക്ഷിത വാസസ്ഥലം, തൊഴിൽ, വിദ്യാഭ്യാസം, സാമൂഹ്യ സുരക്ഷ തുടങ്ങിയ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളിലേക്ക് കടന്നത്. തദ്ദേശസ്വയംഭരണ വകുപ്പ് നടത്തിയ സർവേ സംസ്ഥാനത്ത് 64,006 കുടുംബങ്ങൾ അതിദാരിദ്ര്യത്തിൽ കഴിയുന്നതായി കണ്ടെത്തി. വരുമാനം, ആരോഗ്യം, ഭക്ഷ്യസുരക്ഷ, പാർപ്പിടം തുടങ്ങിയ ഘടകങ്ങൾ സമഗ്രമായി വിലയിരുത്തിയാണ് അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തിയത്. ഓരോ കുടംബത്തെയും അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ മൈക്രോ പ്ലാനിൽ ഉൾപ്പെടുത്തി. ഒരു പദ്ധതിയും അതിനൊരു ഗുണഭോക്തൃ പട്ടികയും എന്ന രീതിയിൽ നിന്ന് മാറി, ഓരോ കുടുംബത്തിനും പ്രത്യേക സൂക്ഷ്മ പദ്ധതി തയ്യാറാക്കി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ മിഷൻ, ലൈഫ് മിഷൻ, ആരോഗ്യ, സാമൂഹ്യനീതി, തൊഴിൽ, സഹകരണ വകുപ്പുകൾ തുടങ്ങിയവ ചേർന്ന വലിയ കൂട്ടായ്മയാണ് പദ്ധതി വിജയിപ്പിക്കുന്നതിനായി രൂപപ്പെട്ടത്. സർക്കാർ വകുപ്പുകളിൽ ഒതുങ്ങി നിൽക്കാതെ, സന്നദ്ധ പ്രവർത്തകർ, സാമൂഹിക പ്രവർത്തകർ, പൊതുജനങ്ങൾ എന്നിവരുടെ പങ്കാളിത്തവും സഹായവും മുൻകൈ പ്രവർത്തനങ്ങളും ഇതിനായി ഉപയോഗപ്പെടുത്തി.

പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഭക്ഷണലഭ്യത, ആരോഗ്യം എന്നിവ ഉറപ്പാക്കുന്നതിനാണ് മുൻഗണന നൽകിയത്. ‘അവകാശം അതിവേഗം’ എന്ന ക്യാമ്പെയ്നിലൂടെ 21,263 പേർക്ക് ആധാർ കാർഡ്, വോട്ടർ തിരിച്ചറിയൽ കാർഡ് , റേഷൻ കാർഡ്, ആരോഗ്യ ഇൻഷുറൻസ്, ഭിന്നശേഷി കാർഡ്, ബാങ്ക് അക്കൗണ്ട്, തൊഴിൽ കാർഡ് തുടങ്ങിയവ ഉറപ്പാക്കി. ജനകീയ ഹോട്ടലുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവ മുഖേനയാണ് ഭക്ഷണം ലഭ്യമാക്കിയത്. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, ലൈഫ് ഭവനപദ്ധതി, ആരോഗ്യ ഇൻഷുറൻസ്, തൊഴിൽ പരിശീലനം തുടങ്ങിയവ പരസ്പരം ബന്ധിപ്പിച്ച് പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടു പോയി.

പദ്ധതിയുടെ ആദ്യവർഷം തന്നെ 47.89 ശതമാനം കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിച്ചു. ജീവനോപാധി ഇല്ലാതിരുന്ന 4394 കുടുംബങ്ങൾ ഇപ്പോൾ സ്ഥിരമായ വരുമാനമാർഗങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അതിൽ 3,820 കുടുംബങ്ങൾക്ക് കുടുംബശ്രീയുടെ ഉജ്ജീവനം പദ്ധതിയിലൂടെയും 574 കുടുംബങ്ങൾക്ക് മറ്റു വകുപ്പുകളിലൂടെയും സ്വകാര്യ സ്ഥാപനങ്ങളിലൂടെയും ജീവനോപാധികൾ ഉറപ്പാക്കി. 4677 അതിദരിദ്ര കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിക്കുവാൻ സാമ്പത്തിക സഹായം നൽകി. 2713 കുടുംബങ്ങൾക്ക് ഭൂമിയും വീടും ഒരുമിച്ച് നൽകി. 5,646 വീടുകൾ നവീകരിച്ചു, 829 കുടുംബങ്ങളെ അവരുടെ അഭ്യർത്ഥനപ്രകാരം വാടകവീടുകളിലേക്ക് മാറ്റി. 948 കുടുംബങ്ങളെ സുരക്ഷിതമായി ഷെൽട്ടർ ഹോമുകളിൽ പുനരധിവസിപ്പിച്ചു. സർക്കാർ വകുപ്പുകൾ തമ്മിലുള്ള ഏകോപനം ഈ പദ്ധതി

ഫലപ്രദമായി നടപ്പിലാക്കാൻ സഹായിച്ചു. ഒരു വകുപ്പിൽ നിന്നുള്ള സേവനങ്ങൾ മറ്റൊരു വകുപ്പിന്റെ ഇടപെടലിലൂടെ പൂർണ്ണമാക്കി. സഹായം ആവശ്യമുള്ള എല്ലാ വശങ്ങളിലും സർക്കാർ ഇടപെട്ടു. അങ്ങനെ യാണ് ഇതൊരു ബഹുതല (multidimensional) ദാരിദ്ര്യ നിർമ്മാർജ്ജന മാതൃകയായി മാറിയത്.

സന്നദ്ധ പ്രവർത്തകരുടെയും പൊതുജനങ്ങ ളുടെയും വർധിച്ച സഹകരണവും പങ്കാളിത്തവും തുടക്കത്തിൽത്തന്നെ ഇതൊരു ജനകീയ പദ്ധതി യാക്കി. നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആദ്യ രണ്ടു വർഷങ്ങൾക്കകം അതിദാരിദ്ര്യം ഇല്ലാതാക്കി. ധർമ്മടം ആദ്യ അതിദാരിദ്ര്യമുക്ത നിയമസഭാ മണ്ഡലമായി. ജില്ലകളിൽ കോട്ടയവും കണ്ണൂരുമാണ് ആദ്യം ലക്ഷ്യം കൈവരിച്ചത്. പദ്ധതിയുടെ വിജയത്തിൽ കുടുംബശ്രീക്ക് പ്രധാന പങ്കുണ്ട്. ഉജ്ജീവനം ക്യാമ്പെയ്നിലൂടെ 4,000-ത്തിലധികം കുടുംബങ്ങൾക്കാണ് തൊഴിൽപരി ശീലനം, മൈക്രോ ഫിനാൻസ്, സംരംഭകത്വ സഹായം തുടങ്ങിയവ നൽകിയത്. ജനകീയ ഹോട്ടലുകൾ വഴി ആയിരക്കണക്കിന് കുടുംബങ്ങൾക്ക് ഭക്ഷണം നൽകി. കേരളത്തിന്റെ സാമൂഹ്യ പുരോഗതിയിൽ പ്രധാന പങ്കുവഹിച്ച കുടുംബശ്രീ അതിദാരിദ്ര്യ നിർമ്മാർജ്ജന ദൗത്യത്തിലും നേതൃത്വമായി പ്രവർത്തിച്ചു.

2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ 50 കോടി രൂപ വീതവും 2025-26ൽ 60 കോടി രൂപയും അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി സർക്കാർ പ്രത്യേകം വകയിരുത്തി. ഈ തുകകൾ ആരോഗ്യ പരിപാലനത്തിനും, ഭവന നിർമ്മാണത്തിനും, ജീവനോപാധികൾ ഉറപ്പാക്കുന്നതിനും വിനിയോഗിച്ചു.



സംസ്ഥാനത്ത് അതിദരിദ്രരായി ആകെ കണ്ടെ ത്തിയ 64,006 കുടുംബങ്ങളിൽ 4,445 പേർ തുടർന്ന് മരണപ്പെട്ടു. മരണം വരെ അവർക്ക് ആവശ്യമുള്ള സേവനങ്ങൾ സർക്കാർ ഉറപ്പാക്കിയിരുന്നു. 231 കുടുംബങ്ങൾ അലഞ്ഞു തിരിഞ്ഞ് നടക്കുന്നത് കാരണം സേവനം നല്കാൻ സാധിക്കാത്തവരാണ്. വിവിധ സർക്കാർ ഏജൻസികളുടെ ആവർത്തിച്ച ശ്രമങ്ങൾ ഉണ്ടായെങ്കിലും അവരെ കണ്ടെത്താൻ കഴിഞ്ഞില്ല. ഈ കുടുംബങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളിലേക്ക് മടങ്ങിവരുന്ന സമയത്ത് അവ രുടെ ആവശ്യങ്ങൾ മനസ്സിലാക്കി അവർക്ക് ആവശ്യമുള്ള സഹായങ്ങൾ നൽകും. 47 വ്യക്തികൾ നാടോടികൾ ആയത് കാരണം ഒന്നിലേറെ തദ്ദേശ സ്ഥാപനങ്ങളിലെ പട്ടികയിൽ ഉൾപ്പെട്ടിരുന്നു. അവരെ പിന്നീട് ഒരു തദ്ദേശ സ്ഥാപനത്തിൽ മാത്രം നിലനിർത്തി. ഇത്തരത്തിൽ 4,445 മരണപ്പെട്ടവരും,231 അലഞ്ഞു തിരിഞ്ഞ് നടക്കുന്ന കുടുംബങ്ങളും ഒന്നിലേറെ തദ്ദേശ സ്ഥാപനങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടത് കാരണം ഒഴിവാക്കിയ 47 കുടുംബങ്ങളും ഉൾപ്പെടെ അത്തരത്തിൽ ആകെ 4,723 കുടുംബങ്ങൾ സേവനം നൽകേണ്ടവരുടെ പട്ടികയിൽ നിന്നും താൽക്കാലികമായി മാറ്റി നിർത്തി. ഇവർ ഒഴികെ ആകെ കണ്ടെത്തിയ അതിദരിദ്രരിൽ 59283 കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പി ക്കുകയുണ്ടായി.

കേരളം വർഷങ്ങളായി മനുഷ്യവികസന സൂചിക യിലും സാക്ഷരതയിലും ആരോഗ്യനിലവാരത്തിലും രാജ്യത്ത് മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ്. മനുഷ്യാവകാശങ്ങൾ, സാമൂഹ്യനീതി എന്നിവ ആധാരമാക്കിയ പ്രവർത്തനങ്ങളിലൂടെയാണ് കേരളം ഈ മാതൃക നിലനിർത്തുന്നത്. ലൈഫ് മിഷൻ വഴി വീടുകളും, ആരോഗ്യവകുപ്പ് മുഖേന ചികിത്സാ സൗകര്യങ്ങളും, കുടുംബശ്രീ വഴിയുള്ള തൊഴിൽപ രിശീലനവും, വിദ്യാഭ്യാസസഹായവും – എല്ലാം സമന്വയിപ്പിച്ചാണ് 'അതിദാരിദ്ര്യമുക്ത കേരളം' എന്ന സ്വപ്നം നാം യാഥാർത്ഥ്യമാക്കുന്നത്. വികസനം മനുഷ്യന്റെ ജീവിതനിലവാരം ഉയർത്തുന്നതാവണമെന്ന കാഴ്ചപ്പാടും ആരും അവഗണിക്കപ്പെടരുതെന്ന സർക്കാരിന്റെ ദൃഢനിശ്ചയവുമാണ് ഈ വിജയത്തിൽ പ്രതിഫലിക്കുന്നത്.

നവംബർ ഒന്നിന് കേരളം അതിദാരിദ്ര്യമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കപ്പെടുമ്പോൾ നവകേരള നിർമ്മിതിയുടെ ഒരു പ്രധാന നാഴികക്കല്ലു കൂടി നാം പിന്നിടുകയാണ്. എന്നാൽ ഇത് അവസാനമല്ല, ഒരു പുതിയ തുടക്കമാണ്. ദാരിദ്ര്യം വീണ്ടും തലപൊക്കു ന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും ഒരു നവകേരളം കെട്ടിപ്പടുക്കുന്നതിനുമുള്ള നമ്മുടെ യാത്ര കൂടുതൽ ഊർജ്ജസ്വലമായി തുടരുക തന്നെയാണ്.



**എം ബി രാജേഷ്**
തദ്ദേശ സ്വയംഭരണ, എക്സൈസ്,
പാർലിമെന്ററികാര്യ വകുപ്പ് മന്ത്രി

# അതിദാരിദ്ര്യ മുക്ത കേരളം കരുതലിന്റെ കഥ

2021ൽ അധികാരത്തിലെത്തിയ സർക്കാരിന് എന്തായിരിക്കണം ഈ ഭരണത്തിലെ ഏറ്റവും പ്രധാന ലക്ഷ്യം  എന്നതിൽ സംശയം ഒട്ടും ഉണ്ടായിരുന്നില്ല; അതിദരിദ്രരില്ലാത്ത  കേരളമായിരിക്കണം നവകേരളം. രണ്ടാം പിണറായി സർക്കാർ  അധികാരമേറ്റെടുത്തശേഷം നടന്ന ആദ്യ മന്ത്രിസഭായോഗത്തിലെ ആദ്യ തീരുമാനമായി ഇത് ചരിത്രമാകുന്നത് അങ്ങനെയാണ്. 2025 നവംബർ ഒന്നാം തീയ്യതി കേരള പിറവി ദിവസം അതിദരിദ്രരില്ലാത്ത  നവകേരളം പ്രഖ്യാപിക്കും വിധം അതിദാരിദ്ര്യ നിർമാർജ്ജന പരിപാടി ( Extreme Poverty Eradication Program ) മുഖ്യമന്ത്രി പ്രഖ്യാപിച്ചു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ കുടുംബശ്രീയുടെ സഹകരണത്തോടെയായിരിക്കണം ഈ പരിപാടി നടപ്പാക്കേണ്ടത് എന്നതും തീരുമാനിച്ചു. അതിദരിദ്ര അവസ്ഥയെ നിർണ്ണയിക്കുന്ന വ്യത്യസ്ത ഘടകങ്ങൾ നിശ്ചയിക്കാനും  അതിനെ മറികടക്കാൻ കഴിയുന്ന നടപടികൾ ഓരോ കുടുംബത്തിനും വ്യത്യസ്തമായ  സൂക്ഷ്മ പദ്ധതിയുടെ (Micro Plan) സഹായത്തോടെ നടപ്പാക്കുന്നതിനും തീരുമാനിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് മുഖ്യ ചുമതല ഏറ്റെടുത്തപ്പോൾ മറ്റ് വകുപ്പുകൾ സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ടതും ഏറ്റവും മാനുഷിക പരിഗണന  അർഹിക്കുന്നതുമായ പരിപാടി എന്ന പ്രാധാന്യം നല്കി തുല്യ ഉത്തരവാദിത്വത്തോടെ ഈ പരിപാടി ഏറ്റെടുത്തു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കൃത്യമായ ഇടവേളകളിൽ വിലയിരുത്തലുകളും ഇടപെടലുകളും ഉണ്ടായി.  എല്ലാ തലത്തിലുമുള്ള ജനപ്രതിനിധികളും, പ്രത്യേകിച്ചും തദ്ദേശ സ്ഥാപന പ്രതിനിധികളും  രാഷ്ട്രീയ, സാമൂഹ്യ രംഗത്തെ വ്യക്തികളും സംഘടനകളും ഉദ്യോഗസ്ഥരും  അതിദാരിദ്ര്യ നിർമ്മർജ്ജന പരിപാടിയിൽ പങ്കാളികളായി.

## ദാരിദ്ര്യവും ദാരിദ്ര്യ നിർമാർജ്ജനവും കേരളത്തിൽ

ഭൂപരിഷ്കരണ നടപടികൾ മുതൽ ദാരിദ്ര്യത്തിനെതിരെ പോരാടുന്നതിന് കേരളം നടപ്പാക്കിയ നയങ്ങളാണ് സംസ്ഥാനത്തിന്റെ  ദാരിദ്ര്യനിരക്കിൽ ഗണ്യമായ കുറവ്  വരുത്തിയത്. കഴിഞ്ഞ നാല് പതിറ്റാണ്ടിനിടയിൽ, കേരളത്തിലെ ആകെ ദാരിദ്ര്യത്തിന്റെ തോത് തുടർച്ചയായി കുറഞ്ഞുവന്നു. 1973-1974ൽ 59.8 ശതമാനമായിരുന്ന ദാരിദ്ര്യം  1993-1994ൽ 25.4 ശതമാനമായി കുറഞ്ഞു. 2011-2012ൽ 11.3 ശതമാനമായി. നീതി ആയോഗ് റിപ്പോർട്ട് അനുസരിച്ച് 2021-ൽ 0.71% മാത്രവും 2023-ൽ 0.55% മാത്രവുമാണ് കേരളത്തിലെ  ദരിദ്രരുടെ തോത്. ഒട്ടേറെ നേട്ടങ്ങൾക്കൊപ്പം ഇന്ത്യയിലെ ഏറ്റവും കുറഞ്ഞ ദാരിദ്ര്യമുള്ള സംസ്ഥാനം എന്ന പദവിയും കേരളത്തിന് സ്വന്തമാണ്.

അതിദരിദ്രരായ കുടുംബങ്ങളെ സഹായിക്കുന്നതിന് 2002-ൽ കേരളത്തിൽ “ആശ്രയ” എന്ന പേരിൽ ഒരു സമഗ്ര പരിപാടി ആരംഭിച്ചിരുന്നു. കുടുംബശ്രീയുടെ നേതൃത്വത്തിൽ അയൽകൂട്ടങ്ങൾ വഴിയാണ് പ്രസ്തുത പരിപാടി നടപ്പാക്കിയത്. 2015-ഓടെ, ആശ്രയ പദ്ധതിയുടെ പരിധിയിൽ 922 തദ്ദേശ സ്ഥാപനങ്ങളിലായി 72,000-ത്തിലധികം കുടുംബങ്ങൾ ഉൾപ്പെടുകയും ഇവർക്കാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഈ പരിപാടിയുടെ പരിമിതികൾ കൂടി  തിരിച്ചറിഞ്ഞാണ് അതിദാരിദ്ര്യ നിർമാർജ്ജന പരിപാടി ആസൂത്രണം ചെയ്തത്.  ആശ്രയ നടപ്പാക്കിയെങ്കിലും സർക്കാർ സംവിധാനങ്ങളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നോട്ടമെത്താത്ത വിധത്തിൽ ഒട്ടേറെ ദരിദ്രർ കേരളത്തിൽ ഉണ്ടെന്നുള്ള തിരിച്ചറിവ് സർക്കാരിനുണ്ടായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് അതിദരിദ്രരെ കണ്ടെത്തി അവരെ പൂർണ്ണമായും അതിദാരിദ്ര്യത്തിൽ  നിന്നും

മോചിപ്പിക്കുന്നതിനുള്ള പ്രവർത്തനത്തിലേക്ക് സർക്കാർ കടന്നത്.

ഇതുവരെയുള്ള അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ അതിദാരിദ്ര്യത്തെ അടയാളപ്പെടുത്തുന്ന വിവിധ ക്ലേശ ഘടകങ്ങളെ-ഭക്ഷണം, പാർപ്പിടം, ആരോഗ്യം, അടിസ്ഥാന വരുമാനം എന്നിവ - പ്രധാന മാനകങ്ങൾ എന്ന നിലയിൽ അടിസ്ഥാനപ്പെടുത്തി അതിദരിദ്ര അവസ്ഥ മനസിലാക്കുന്ന ഒരു രീതി ശാസ്ത്രമാണ് സർക്കാർ സ്വീകരിച്ചത്. ഇവയൊന്നും നിത്യ ജീവിതത്തിൽ ഉറപ്പാക്കാനാകാത്തവരെയാണ് അതിദരിദ്രർ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. മുൻകാലങ്ങളിലുണ്ടായിരുന്ന നിരവധി ദാരിദ്ര്യ നിവാരണ പദ്ധതികളിൽ നിന്നും പല കാരണങ്ങളാൽ ഒഴിവായിപ്പോയവരാണിവർ. അവർക്ക് സ്വന്തം അവകാശങ്ങൾ ആവശ്യപ്പെടാനുള്ള ശേഷിയും ഇല്ല; സമൂഹത്തിന്റെ കാഴ്ചവട്ടത്തിൽ ഇല്ലാതിരുന്നവർ. പരസഹായം ആവശ്യപ്പെടാൻ പോലും കഴിയാത്തവർ, നിരാലംബർ, ജന്മനാ ശാരീരികവും മാനസികവുമായ വെല്ലുവിളി ഉള്ളവർ, പ്രായമായവർ, കുടുംബത്തിൽ അവശതകളാൽ ആരും തൊഴിൽ ചെയ്യാൻ ഇല്ലാത്തവർ തുടങ്ങിയവരാണ് അതിദാരിദ്ര്യത്തിൽപ്പെട്ടുപോയവരിൽ മിക്കവരും. പലപ്പോഴും കുടുംബത്തിന്റെ പ്രധാന വരുമാനമാർഗം നഷ്ടപ്പെട്ടവർ ആയിരിക്കും ഇവർ. കുടുംബ തലവൻ വിട്ടുപോയതും, രോഗബാധിതരായ അംഗങ്ങൾ ഉള്ളതുമൂലം മറ്റാർക്കും ജോലി ചെയ്യാൻ സാധിക്കാത്തതുമാണ് അത്യന്തം ദാരിദ്ര്യത്തിലേക്ക് പലരെയും തള്ളിവിടുന്നത്.

ലോകബാങ്ക് കണക്ക് പ്രകാരം, 2017-ൽ ലോക ജനസംഖ്യയുടെ 9.2 ശതമാനം പേർ ദിവസം 1.90 ഡോളറിന് താഴെ വരുമാനത്തിലെത്തിയിരുന്നു. എന്നാൽ, COVID-19 മഹാമാരിയെതുടർന്ന് 2022 ഓടെ 75-95 ദശലക്ഷം പേർ കൂടി അതീവ ദാരിദ്ര്യത്തിലേക്ക് വീണതായി കണക്കുകൾ കാണിക്കുന്നു. കേരളത്തിൽ ദാരിദ്ര്യ ശതമാനം വളരെ കുറവാണെങ്കിലും

## സാമൂഹിക സാമ്പത്തിക ആരോഗ്യ പ്രൊഫൈൽ

### സംസ്ഥാനത്തും ദേശീയതലത്തിലും

| | കേരളം | ഇന്ത്യ |
|---|---|---|
| പ്രതീക്ഷിത ആയുർ ദൈർഘ്യം | 75 | 70 |
| പ്രതീക്ഷിത ആയുർ ദൈർഘ്യം (പുരുഷൻ) | 71.9 | 68.6 |
| പ്രതീക്ഷിത ആയുർദൈർഘ്യം (സ്ത്രീ) | 78 | 71.4 |
| ശിശു മരണനിരക്ക് | 6 | 28 |
| ശിശുമരണനിരക്ക് (ആൺ) | 10 | 28 |
| ശിശു മരണനിരക്ക് (പെൺ) | 3 | 28 |
| 5 വയസ്സ് വരെയുള്ള കുട്ടികളുടെ മരണനിരക്ക് (ലക്ഷത്തിൽ) | 8 | 32 |
| മാതൃമരണ നിരക്ക് | 19 | 97 |
| മരണത്തിനു മുമ്പുള്ള വൈദ്യസഹായം | 80.7 | 48.7 |
| പ്രസവസമയത്ത് വൈദ്യസഹായം | 99.9 | 82.6 |
| സാക്ഷരത (സ്ത്രീ) | 98.3 | 71.5 |
| സാക്ഷരത (പുരുഷൻ) | 98.2 | 84.4 |



ദാരിദ്ര്യത്തിന്റെ ചില തുരുത്തുകൾ ഉണ്ടായിരുന്നു. ചില സാമൂഹിക വിഭാഗങ്ങളിലും പ്രദേശങ്ങളിലും പിന്നോക്കാവസ്ഥയും ദാരിദ്ര്യവും ഇപ്പോഴും നിലനിൽക്കുന്നു. പട്ടികജാതി -പട്ടികവർഗ സമൂഹങ്ങൾ, മത്സ്യ തൊഴിലാളികൾ തുടങ്ങിയ സാമൂഹിക വിഭാഗങ്ങൾക്കിടയിലാണ് ദാരിദ്ര്യ തുരുത്തുകൾ ഇപ്പോഴും കാണുന്നത്.

1976ലെ യുണൈറ്റഡ് നേഷൻസ് ആഗോള സാമ്പത്തിക, സാംസ്കാരിക അവകാശങ്ങൾക്കായുള്ള ഉടമ്പടി (UN Covenant on Economic, Social and Cultural Rights) പ്രകാരം, സാമൂഹിക, സാമ്പത്തിക സംരക്ഷണവും മാന്യമായ ജീവിത നിലവാരവും മനുഷ്യാവകാശമാണ്. ദാരിദ്ര്യനിവാരണ പ്രവർത്തനം അതിനാൽ തന്നെ ഒരു സർക്കാർ പദ്ധതിയെന്നതിലുപരി, സമൂഹത്തിന്റെയാകെ നൈതിക ബാധ്യതയും സാമൂഹിക ഉത്തരവാദിത്വവുമാണ്.

## അതി ദാരിദ്ര്യനിവാരണ പരിപാടി (EPEP)

ആദ്യഘട്ടം പൈലറ്റ് പദ്ധതിയായി വടക്കാഞ്ചേരി (തൃശൂർ ജില്ല), അഞ്ചുതെങ്ങ് (തിരുവനന്തപുരം), തിരുനെല്ലി (വയനാട്) എന്നീ മൂന്നു പഞ്ചായത്തുകളിലാണ് ആരംഭിച്ചത്. ഈ പഞ്ചായത്തുകളിൽ നിന്നുള്ള അനുഭവങ്ങൾ ആധാരമാക്കി സംസ്ഥാന വ്യാപകമായി പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി. പൈലറ്റ് ഘട്ടത്തിലെ വിജയത്തിനുശേഷം, പദ്ധതി സംസ്ഥാനത്തുടനീളം നടപ്പിലാക്കി. ഇതിൽ പരിശീലനം നേടിയ ഉദ്യോഗസ്ഥരും കുടുംബശ്രീ പ്രവർത്തകരും, തദ്ദേശ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും പങ്കാളികളായിട്ടുണ്ട്. അതിദരിദ്ര കുടുംബങ്ങളെ തിരിച്ചറിയൽ ആയിരുന്നു പദ്ധതിയുടെ പ്രാഥമികവും പ്രധാനവുമായ ഘട്ടം. തദ്ദേശ സ്ഥാപനങ്ങൾ,കുടുംബശ്രീ, സാമൂഹ്യനീതി വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവയുടെ സഹകരണത്തോടെ ഓരോ വീട്ടിലും ഡിജിറ്റൽ സർവേ നടത്തി. സർവേ ഡാറ്റ മൊബൈൽ ആപ്പിലൂടെയും വെബ് പോർട്ടലിലൂടെയും ശേഖരിക്കുകയും, അത് വിവിധ ഘട്ടങ്ങളിലൂടെ പരിശോധിച്ച് ആധികാരികത ഉറപ്പാക്കുകയും ചെയ്തു. ഈ സമഗ്രമായ പ്രക്രിയയിലൂടെ 64,006 കുടുംബങ്ങൾ (1,03,099 വ്യക്തികൾ) സംസ്ഥാനത്തുടനീളം അതിദാരിദ്ര്യത്തിലുള്ളവരായി സ്ഥിരീകരിച്ചു.

## മൈക്രോ പ്ലാനിങ്

ഒരോ കുടുംബത്തിനും അവരുടെ വിശദമായ ആവശ്യങ്ങൾ വിലയിരുത്തി പ്രത്യേക മൈക്രോ പ്ലാൻ തയ്യാറാക്കി. ഈ പ്ലാനുകൾ മൂന്ന് ഘട്ടങ്ങളായി വിഭജിച്ചു:

- അടിയന്തിര ഇടപെടലുകൾ - ഭക്ഷണം, ചികിത്സ, താമസ സൗകര്യം, രേഖകൾ തുടങ്ങിയവ.
- ഹ്രസ്വകാല ഇടപെടലുകൾ - തൊഴിൽ പരിശീലനം, വരുമാനമാർഗ്ഗം, വിദ്യാഭ്യാസം.
- ദീർഘകാല ഇടപെടലുകൾ - സ്ഥിരമായ ഭവനം, സ്വയം തൊഴിൽ, സാമൂഹിക പുനരധിവാസം.

മൈക്രോ പ്ലാനുകളുടെ അടിസ്ഥാനത്തിൽ ഓരോ കുടുംബത്തിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പ്രത്യേക പരിപാടി തയ്യാറാക്കി നടപ്പാക്കുകയാണ് ഉണ്ടായത്. തദ്ദേശ

സ്ഥാപന തലത്തിൽ നടത്തിവന്ന ഈ പ്രവർത്തനങ്ങൾ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ മുഖേന പൂർണ്ണമായും നിരീക്ഷിച്ചു. ഡാറ്റാ ശേഖരണം, പദ്ധതി പുരോഗതി, ആനുകൂല്യങ്ങളുടെ വിതരണം എന്നിവ റിയൽടൈം മോണിറ്ററിംഗ് സിസ്റ്റം വഴി നിരീക്ഷിച്ചു. ഇതുവഴി പ്രവർത്തനങ്ങളിൽ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പിക്കാനായി..

തദ്ദേശ സ്വയംഭരണ വകുപ്പിനോടൊപ്പം കുടുംബശ്രീയും, സാമൂഹ്യനീതി, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, റവന്യൂ തുടങ്ങിയ വകുപ്പുകളും പൗരസമൂഹ സംഘടനകളും, സന്നദ്ധപ്രവർത്തകരും വളരെ സജീവമായും ആത്മാർഥതയോടെയും പ്രവർത്തനങ്ങളുടെ ഭാഗമായി. അനുഭാവപൂർണ്ണമായ ഇടപെടലുകളിലൂടെയാണ് അതിദാരിദ്ര്യം അവസാനിപ്പിക്കുന്നതിനുള്ള പ്രവർത്തനം സർക്കാരിന് വിജയകരമായി പൂർത്തീകരിക്കാൻ കഴിഞ്ഞത്.

## പ്രധാന ഇടപെടലുകൾ

### (1) ഭക്ഷ്യസുരക്ഷയും മറ്റ് അടിസ്ഥാന ആവശ്യങ്ങളും

അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തിയ ഉടൻ മറ്റൊന്നിനും കാത്തുനിൽക്കാതെ നടത്തിയ ഇടപെടൽ ഭക്ഷണം നല്കുന്നതിനാണ്. 20,648 കുടുംബങ്ങൾക്കായി തുടർച്ചയായി ഭക്ഷ്യസാധന കിറ്റുകളും ചൂട് ഭക്ഷണവും ഉറപ്പാക്കപ്പെട്ടു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, കുടുംബശ്രീ യൂണിറ്റുകളും, സമൂഹിക അടുക്കളകളും സംയുക്തമായി ഈ ഭക്ഷ്യ സഹായം നടപ്പാക്കി.

### (2) ആരോഗ്യ പരിപാലനം

അതിദരിദ്രരിൽ നിരവധി പേരാണ് ദീർഘകാല രോഗികളോ ശാരീരിക അംഗവൈകല്യമുള്ളവരോ ആയിട്ടുള്ളത്. 85,721 വ്യക്തികൾക്ക് തുടർച്ചയായ ചികിത്സ, മരുന്ന് വിതരണം, പാലിയേറ്റീവ് കെയർ, ചലന സഹായ ഉപകരണങ്ങൾ (വീൽചെയർ, വാക്കിംഗ് സ്റ്റിക്ക് മുതലായവ) എന്നിവ നൽകി. കൂടാതെ അടിസ്ഥാന ആരോഗ്യ പ്രശ്നങ്ങളെ പരിഹരിക്കുക എന്ന ലക്ഷ്യവുമായി തദ്ദേശ തലത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി.

### (3) ഭവന നിർമാണം

അടച്ചുറപ്പുള്ള താമസ സൗകര്യം അന്തസുള്ള ജീവിതത്തിന് ആധാരമാണ്. പദ്ധതിയുടെ ഭാഗമായ ലൈഫ് മിഷൻ മുഖേന ഭവനനിർമാണവും ഭൂമിയില്ലാത്തവർക്കുള്ള ഭൂമി വിതരണവും നടത്തി. ഇതുവരെ 4,005 പുതിയ വീടുകൾ നിർമ്മിച്ചു പൂർത്തിയാക്കി. നിരവധി വീടുകൾ പുതുക്കി പണിതു.

ഭൂവിതരണ പ്രക്രിയക്ക് വേഗത വരുത്താൻ റവന്യൂ വകുപ്പ് പ്രത്യേക സർക്കുലർ ഇറക്കുകയുണ്ടായി.



## (4) അടിസ്ഥാന രേഖകൾ നൽകൽ - 'അവകാശം അതിവേഗം' ക്യാമ്പയിൻ

നിരവധി അതിദരിദ്ര കുടുംബങ്ങൾക്കാണ് തങ്ങളുടെ അടിസ്ഥാന രേഖകൾ (ആധാർ, റേഷൻ കാർഡ്, വോട്ടർ തിരിച്ചറിയൽ കാർഡ്) ലഭ്യമല്ലാതിരുന്നത്. ഇത് പരിഹരിക്കാൻ സർക്കാർ 'അവകാശം അതിവേഗം' എന്ന പ്രത്യേക ക്യാമ്പയിൻ ആരംഭിച്ചു. തദ്ദേശ തലത്തിൽ നടത്തിയ ക്യാമ്പുകളിലൂടെ ആവശ്യമായ രേഖകൾ വേഗത്തിൽ നൽകി, സർക്കാർ സേവനങ്ങളിൽ അവരെ ഉൾപ്പെടുത്തുകയും ചെയ്തു.

## (5) 'ഉജ്ജീവനം' ക്യാമ്പെയ്ൻ

ഒരിക്കൽ അതിദരിദ്ര അവസ്ഥയിൽ നിന്നും പുറത്തു കടക്കുന്ന ഒരു കുടുംബം തിരിച്ച് അതേ അവസ്ഥയിലേക്ക് വീഴുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുണ്ട് എന്ന് സർക്കാർ കണ്ടിരുന്നു. അവർക്ക് തൊഴിൽ മാർഗ്ഗങ്ങൾ ഉറപ്പാക്കേണ്ടതുണ്ടായിരുന്നു. ഇതിനായി 'ഉജ്ജീവനം' എന്ന ക്യാമ്പെയ്ൻ ആസൂത്രണം ചെയ്തു. 4,394 കുടുംബങ്ങൾ സ്വയം തൊഴിൽ, അല്ലെങ്കിൽ ചെറുകിട വ്യവസായ പ്രവർത്തനങ്ങൾ ആരംഭിച്ചു. കുടുംബശ്രീ, തൊഴിൽ വകുപ്പ്, തദ്ദേശ സ്ഥാപനങ്ങൾ, തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ സഹകരണത്തോടെ ആകെ 77 കോടിയിലധികം രൂപയുടെ വേതനം നൽകാനായി.

## (6) സാമൂഹിക പുനരധിവാസം

അതിദരിദ്രരുടെ സാമൂഹിക പദവി പുനഃസ്ഥാപിക്കാൻ സർക്കാർ വ്യത്യസ്ത പരിപാടികൾ നടത്തി. മക്കളെ സ്കൂളിൽ തിരിച്ചെത്തിക്കുക, മുതിർന്നവരുടെ സാമൂഹിക പരിപാലനം, അംഗപരിമിതർക്കുള്ള പുനരധിവാസ സഹായം, പെൻഷൻ വിതരണം എന്നിവയിലൂടെ അവരെ സാമൂഹിക മുഖ്യധാരയിലേക്ക് തിരികെ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിച്ചു.

## സംഘടനാ സംവിധാനം

അതിദാരിദ്ര്യനിവാരണ ദൗത്യത്തിന്റെ വിജയത്തിന് പിന്നിൽ കൂട്ടായ പ്രവർത്തനമാണ്. ഇതിന് പര്യാപ്തമായ വിധത്തിൽ വിവിധ തലങ്ങളിൽ സംഘടനാ രൂപങ്ങളുണ്ടാക്കി. മൂന്ന് തലങ്ങളിലായി – തദ്ദേശസ്ഥാപന, ജില്ലാ, സംസ്ഥാന തലങ്ങളിൽ – കമ്മിറ്റികൾ ഉണ്ടായിരുന്നു. തദ്ദേശതലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചെയർപേഴ്സന്റെ അധ്യക്ഷതയിൽ വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ, കുടുംബശ്രീ പ്രതിനിധികൾ, ആശാ പ്രവർത്തകർ, വാർഡ് മെമ്പർമാർ, സാമൂഹ്യനീതി, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുടെ ഫീൽഡ് ഉദ്യോഗസ്ഥർ എന്നിവർ അംഗങ്ങളായുള്ള കമ്മിറ്റിയാണ് പ്രവർത്തിച്ചത്. ഇവർ നേരിട്ട് കുടുംബങ്ങളെ സന്ദർശിക്കുകയും, മൈക്രോ പ്ലാനുകൾ തയ്യാറാക്കുകയും, വിവിധ വകുപ്പുകളുമായി സംയോജനം ഉറപ്പാക്കുകയും ചെയ്തു.

ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിന്റെ അധ്യക്ഷതയിൽ ജില്ലാ കലക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (LSGD), ജില്ലാ മിഷൻ കോഓർഡിനേറ്റർ (കുടുംബശ്രീ), വകുപ്പുതല ഉദ്യോഗസ്ഥർ, എൻജിഒ പ്രതിനിധികൾ തുടങ്ങിയവർ അംഗങ്ങളായി ജില്ലാ തല കമ്മിറ്റികളും രൂപീകരിച്ചു. പദ്ധതികളുടെ ഏകോപനം, തദ്ദേശതല പ്രവർത്തനങ്ങൾക്ക് പിന്തുണ, ഫണ്ടുകളുടെ വിനിയോഗം, പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ എന്നിവയിൽ ജില്ലാതല കമ്മിറ്റിയുടെ മേൽനോട്ടം ഉണ്ടായി.

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ സംസ്ഥാനതല സമിതി രൂപീകരിക്കുകയുണ്ടായി. ബഹു മുഖ്യമന്ത്രിയുടെ ഓഫീസ്, പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, സാമൂഹ്യനീതി, ആരോഗ്യ, വിദ്യാഭ്യാസ, തൊഴിൽ വകുപ്പുകളുടെ മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരുടെ പങ്കാളിത്തം ഉള്ളതായിരുന്നു ഈ കമ്മിറ്റി. പദ്ധതിയുടെ ആകെ നയപരമായ നിയന്ത്രണവും അവലോകനവും ഈ കമ്മിറ്റിയുടെ ചുമതലയിൽ നടത്തി. ആവശ്യമായ നയപരമായ നിർദ്ദേശങ്ങൾ അപ്പപ്പോൾ പുറപ്പെടുവിച്ചു.

## സമീപനവും പ്രധാന നേട്ടങ്ങളും

ജനകീയ ഇടപെടലിന്റെ കേരള മാതൃകയും സാങ്കേതിക സംവിധാനത്തിന്റെ കാര്യക്ഷമതയും ഏകോപിപ്പിച്ചുള്ള ഒരു സമീപനമാണ് നാം സ്വീകരിച്ചത്. ഡാറ്റ ശേഖരണം, പദ്ധതികളുടെ നിരീക്ഷണം, അവലോകനം എല്ലാം ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ മുഖേന നടന്നു. ഓരോ കുടുംബത്തിനും നല്കിയ യൂണീക് ഐഡി യിലൂടെ സേവനങ്ങൾ ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തി.

## (1) ഭൂമി വിതരണത്തിന് മുൻഗണന

അത്യന്തം ദരിദ്രർക്കുള്ള ഭൂമി ലഭ്യമാക്കൽ പ്രക്രിയ വേഗത്തിലാക്കാൻ റവന്യൂ വകുപ്പ് പ്രത്യേക മാർഗനിർദ്ദേശങ്ങൾ ഇറക്കി. ഇതിലൂടെ ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് മുൻഗണന നൽകി ഭൂമി പുനർവിതരണം നടത്തുന്നതിനുള്ള സൗകര്യം ഉണ്ടായി. ഇതുവഴി വീടില്ലാത്തവർക്കും ഭൂമിയില്ലാത്തവർക്കും സ്ഥിരമായ താമസ സൗകര്യം ഉറപ്പാക്കാനായി.

## (2) താൽക്കാലിക താമസ സൗകര്യം - വാടക ഭവന പദ്ധതി

വീട് ഇല്ലാത്ത അതിദരിദ്ര കുടുംബങ്ങൾക്ക് താമസ സൗകര്യങ്ങൾ ഒരുക്കി. വീട് പണിതു നൽകുന്നതുവരെ, അവരെ വാടക വീടുകളിൽ



സർക്കാർ ചെലവിൽ താൽക്കാലികമായി താമസിപ്പിക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നല്കി. വീടുള്ളവർക്ക് വീട് പരിപാലനത്തിന് തദ്ദേശ സ്ഥാപനം വഴി രണ്ട് ലക്ഷം രൂപ നല്കുന്നതിന് അനുമതി നല്കി.

## 3) സാമൂഹിക പുനരധിവാസം

428 ഒറ്റയാൾ കുടുംബങ്ങൾക്കും 520 മറ്റു കുടുംബങ്ങൾക്കും താൽക്കാലിക ഷെൽട്ടർ ഹോമുകൾ ഒരുക്കി.

വികലാംഗർ, വയോധികർ, നിരാലംബർ എന്നിവർക്കായി സാമൂഹിക നീതി വകുപ്പും വനിതാ-ശിശു വികസന വകുപ്പും ചേർന്ന് പ്രത്യേക പരിചരണ കേന്ദ്രങ്ങൾ സ്ഥാപിച്ചു.

## (4) സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കൽ

അതിദരിദ്രർക്ക് വേണ്ടി നടക്കുന്ന ഭൂമി കൈമാറ്റങ്ങൾക്കും, സ്വത്ത് രജിസ്ട്രേഷനും സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കി. ഇതുവഴി പുനരധിവാസ പ്രക്രിയ കൂടുതൽ ലളിതവും ചെലവുകുറഞ്ഞതുമായിത്തീർന്നു.

## (5) സാമൂഹിക സുരക്ഷാ പെൻഷനും ക്ഷേമനിധിയും

പുതുതായി തിരിച്ചറിഞ്ഞ അതിദരിദ്ര കുടുംബങ്ങളെ സാമൂഹിക സുരക്ഷാ പെൻഷൻ പദ്ധതികളിലും ക്ഷേമനിധി പദ്ധതികളിലും ഉൾപ്പെടുത്തി. അനാഥരായവർക്കും നിരാലംബർക്കും വേണ്ടിയുള്ള പെൻഷൻ അപേക്ഷകൾക്ക് സാമൂഹ്യനീതി വകുപ്പ് പ്രധാന പരിഗണന നൽകി.

## (6) വകുപ്പുകൾക്കിടയിലെ ഫണ്ട് ഏകീകരണം

പദ്ധതിയുടെ ഭാഗമായി നിരവധി വകുപ്പുകളിൽനിന്ന് ലഭിക്കുന്ന ഫണ്ടുകൾ ഒറ്റ ചട്ടക്കൂടിൽ ഏകീകരിച്ചു. ഇതിലൂടെ ആവർത്തന ചെലവുകൾ ഒഴിവാക്കി കുടുംബങ്ങൾക്ക് നേരിട്ടു സാമ്പത്തിക സഹായം നൽകാൻ സാധിച്ചു.

ആരംഭത്തിൽ 64,006 അത്യന്തം ദരിദ്ര കുടുംബങ്ങളെ (1,03,099 വ്യക്തികൾ) തിരിച്ചറിഞ്ഞിരുന്നു. നാലുവർഷം നീണ്ട പ്രവർത്തനങ്ങൾക്കൊടുവിൽ 59,211 പേർ ദാരിദ്ര്യത്തിന്റെ അവസ്ഥയിൽ നിന്ന് പൂർണ്ണമായി മുക്തരായി. ഇതിനിടയിൽ 4,435 പേർ അന്തരിച്ചു, 238 പേർ നാട് വിട്ടുപോവുകയോ കാണാതാവുകയോ ഉണ്ടായി. ഗുണഭോക്താക്കളുടെ പേരിൽ 46 ഇരട്ടിപ്പ് ഉണ്ടായിരുന്നു. അതിദരിദ്രരായ എല്ലാവരെയും



## പ്രധാന നേട്ടങ്ങൾ

20,648 കുടുംബങ്ങൾക്ക് തുടർച്ചയായ ഭക്ഷണസഹായം ഉറപ്പാക്കി

85,721 പേർക്ക് ചികിത്സയും മരുന്നും, 5,777 പേർക്ക് പാലിയേറ്റീവ് കെയറും ലഭിച്ചു

4,005 വീടുകൾ നിർമിച്ചു; 2,832 സെന്റ് ഭൂമി 439 കുടുംബങ്ങൾക്ക് വിതരണം ചെയ്തു

4,394 കുടുംബങ്ങൾ തൊഴിൽ / സ്വയം തൊഴിൽ ആരംഭിച്ചു; MGNREGS വഴി 77 കോടി രൂപ വേതനമായി നൽകി

21,263 പ്രധാന സേവനങ്ങൾ (റേഷൻ കാർഡ്, ആധാർ, വോട്ടർ ഐഡി, ബാങ്ക് അക്കൗണ്ട് മുതലായവ) ലഭ്യമാക്കി

അതിൽ നിന്ന് മുക്തരാക്കി കേരളം അതിദാരിദ്ര്യ മുക്ത സംസ്ഥാനമായി സർക്കാർ പ്രഖ്യാപിക്കുകയാണ്. സംസ്ഥാനത്തെ 14 ജില്ലകളിലും 100% നേട്ടം കൈവരിച്ചുവെന്നത് അഭിമാനകരമാണ്.

## തുടർച്ചയും സന്ദേശവും

അതിദാരിദ്ര്യ നിർമാർജ്ജന പ്രവർത്തനങ്ങളുടെ സ്ഥിരതയും പിന്തുടർച്ചയും ഉറപ്പാക്കേണ്ടതുണ്ട് . ഈ കുടുംബങ്ങളുടെ അവസ്ഥ നിരീക്ഷിച്ച് സ്വയംതൊഴിൽ, ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം എന്നീ കാര്യങ്ങൾ തുടർന്നും ഉറപ്പാക്കണം. അതിദാരിദ്ര്യ മുക്തമായ ഒരു കുടുംബവും തിരിച്ച് അതിദരിദ്ര അവസ്ഥയിലേക്ക് പതിക്കുന്നില്ലെന്ന് ഒരു സമൂഹം എന്ന നിലയിലും നമ്മൾ ഉറപ്പാക്കണം. കേരളത്തേക്കാളും സാമ്പത്തികമായി മുന്നിട്ട് നിൽക്കുന്ന സംസ്ഥാനങ്ങളും മറ്റ് പല വികസിത ദേശങ്ങളും ചെയ്യാത്ത ഒന്ന് മനുഷ്യ സ്നേഹത്തിന്റെയും കരുതലിന്റെയും കേരള മാതൃകയായി നമുക്ക് ലോകത്തിന് പകർന്നു നല്കാം. സംസ്ഥാനം കടന്നു പോകുന്ന സാമ്പത്തിക ഞെരുക്കത്തിനിടയിലാണ് ഏറ്റവും ദരിദ്രരായ നമ്മുടെ സഹോദരങ്ങളെ തിരിച്ച് ജീവിതത്തിലേക്ക് കൊണ്ട് വരുന്ന ബൃഹത്തായ മനുഷ്യ സ്നേഹ പ്രസ്ഥാനം നാം പൂർത്തിയാക്കിയത് എന്നതും ഓർത്ത് വയ്ക്കാവുന്നതാണ്. ●



# അതിദാരിദ്ര്യ

## ദേശീയ ശരാ

### ഏറ്റവും കൂടുതൽ

| | |
|---|---|
| ബീഹാർ | 33.76% |
| ജാർഖണ്ഡ് | 27.26% |
| മേഘാലയ | 27 % |
| ഉത്തർപ്രദേശ് | 22.93% |
| മധ്യപ്രദേശ് | 20 63% |

### ഏറ്റവും കു

ഡൽഹി

പുതുച്ചേരി

ലക്ഷദ്വീപ്

അന്തമാൻ ആൻ
നിക്കോബാർ

## കേരളം 0.55%

# നിലവാരം

ശരി 14.96

ുറവ്

1.18 %

1.17 %

1.12 %

ഡ്

1.0%

**എല്ലാ തെക്കൻ സംസ്ഥാനങ്ങളും 10% ത്തിൽ താഴെ**

തമിഴ്നാട്, തെലുങ്കാന, ആന്ധ്രപ്രദേശ്, കർണാടക

# ഇനി അതി ദാരിദ്ര്യമില്ലാത്ത കേരളം

**രാജീവ് വി. ആർ**
(ഡെപ്യൂട്ടി ഡയറക്ടർ, അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി സംസ്ഥാന സെൽ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശ സ്വയംഭരണ വകുപ്പ് )

## അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ കേരള മാതൃക:

# മാറ്റത്തിന്റെ ചരിത്രപ്രഖ്യാപനം

വിദ്യാഭ്യാസപരവും സാമൂഹികവുമായ മുന്നേറ്റങ്ങളിലൂടെ ലോകത്തിന് മുന്നിൽ മാനവ വികസനത്തിന്റെ തിളക്കമാർന്ന മാതൃക സമർപ്പിച്ച കേരളം, സാമൂഹിക നീതിയുടെ പാതയിൽ മറ്റൊരു സുപ്രധാന ചരിത്രപരമായ പ്രഖ്യാപനത്തിന് ഒരുങ്ങുകയാണ്. ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തെക്കാളും ശ്രദ്ധേയവും അനന്യവുമായ ഒരു പാരമ്പര്യമാണ് കേരളത്തിനുള്ളത്. കഴിഞ്ഞ നാല് പതിറ്റാണ്ടിലേറെയായി, ദാരിദ്ര്യത്തിനെതിരായ പോരാട്ടത്തിൽ സമൂലമായ പരിഷ്കാരങ്ങളും ലക്ഷ്യബോധമുള്ള ഇടപെടലുകളും സംസ്ഥാനം നടത്തി. 1973-74 കാലഘട്ടത്തിൽ 59.8% ആയിരുന്ന കേവല ദാരിദ്ര്യ നിരക്ക്, 2011-12-ൽ 11.3% ആയി ഗണ്യമായി കുറയ്ക്കാൻ നമുക്ക് സാധിക്കുകയുണ്ടായി. ഈ നേട്ടം, കേവലം സാമ്പത്തിക വളർച്ചയുടെ മാത്രം ഫലമായിരുന്നില്ല, മറിച്ച് സാമൂഹ്യ സുരക്ഷാ പദ്ധതികളുടെയും ശക്തമായ പൊതുവിതരണ സമ്പ്രദായത്തിന്റെയും കാര്യക്ഷമമായ പൊതുജനാരോഗ്യ സംവിധാനങ്ങളുടെയും സംയോജിത വിജയമായിരുന്നു. നീതി ആയോഗ് 2023-ൽ പ്രസിദ്ധീകരിച്ച ബഹുമുഖ ദാരിദ്ര്യ ഇൻഡക്സ് (National Multidimensional Poverty Index) പ്രകാരം, രാജ്യം കണ്ട ഏറ്റവും കുറഞ്ഞ ദാരിദ്ര്യ നിരക്ക് രേഖപ്പെടുത്തിയ സംസ്ഥാനമാണ് കേരളം. 2019-21 കാലയളവിലെ കണക്കുകൾ അനുസരിച്ച്, ജനസംഖ്യയുടെ കേവലം 0.55% മാത്രമാണ് ബഹുമുഖ ദാരിദ്ര്യം അനുഭവിക്കുന്നത്.

ഈ കണക്കുകൾ കേരളം കൈവരിച്ച മഹത്തായ സാമൂഹിക വിജയം വിളിച്ചോതുന്നുണ്ടെങ്കിലും, ഈ കണക്കുകൾക്ക് അപ്പുറം, പൊതുസമൂഹത്തിന്റെ കണ്ണ് എത്തിപ്പെടാത്ത അരികുകളിൽ അതിജീവനത്തിന് പോലും ബുദ്ധിമുട്ടുന്ന ഒരു ചെറിയ വിഭാഗം സംസ്ഥാനത്തുണ്ടായിരുന്നു. അതിജീവനത്തിന്റെ അവസാന തുമ്പിൽ പിടിച്ചുനിൽക്കുന്ന, 'അദൃശ്യ ദാരിദ്ര്യം' (Invisible Poverty) അനുഭവിക്കുന്നവരായിരുന്നു ഇവർ. ഏതൊരു ഭരണകൂടത്തിനും വേണമെങ്കിൽ കണ്ടില്ലെന്ന് നടിക്കാവുന്ന ഈ ചെറു ന്യൂനപക്ഷത്തെ കണ്ടെത്തി, അവരെ അതിദാരിദ്ര്യത്തിന്റെ പിടിയിൽ നിന്ന് മോചിപ്പിക്കുക എന്ന ചരിത്രപരമായ ദൗത്യമാണ് കേരള സർക്കാർ ഏറ്റെടുത്തത്. ഇത്, അന്തസ്സുള്ള ജീവിതം ഓരോ പൗരനും ഉറപ്പാക്കുന്നതിൽ സർക്കാരിനുള്ള അടിയുറച്ച പ്രതിബദ്ധതയുടെ പ്രഖ്യാപനം കൂടിയാണ്.

### പദ്ധതിയുടെ പിറവി ; ഇച്ഛാശക്തിയുടെ തീവ്രപ്രകാശം

കേരളത്തിന്റെ അതിദാരിദ്ര്യ നിർമ്മാർജ്ജന യജ്ഞത്തിന്റെ തുടക്കം ഒരു സാധാരണ ഭരണപരമായ ഉത്തരവായിരുന്നില്ല, മറിച്ച് സാമൂഹിക നീതിയുടെ ചരിത്രപരമായ ഒരു പ്രതിജ്ഞയായിരുന്നു. മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ 2021 മെയ് 20-ന് അധികാരത്തിലെത്തിയ


ഒ.പി. റൂം - 3
MEDICAL OFFICER I/c
മെഡിക്കൽ ഓഫീസർ

ശേഷം ചേർന്ന ആദ്യ മന്ത്രിസഭാ യോഗത്തിലെ ആദ്യ തീരുമാനം ഇതായിരുന്നു: സംസ്ഥാനത്ത് അഞ്ച് വർഷത്തിനുള്ളിൽ അതിദാരിദ്ര്യം പൂർണ്ണമായും തുടച്ചുമാറ്റുക. ഈ ഇച്ഛാശക്തിയുടെ തീവ്രപ്രകാശമാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി (Extreme Poverty Eradication Project - EPEP) എന്ന മഹായജ്ഞത്തിന് തിരികൊളുത്തിയത്. ഈ പദ്ധതിയിലൂടെ, ഏതൊരു വികസിത സമൂഹത്തിന്റെയും അടിസ്ഥാന ലക്ഷ്യമായ സാമൂഹിക നീതിയുടെ പൂർണ്ണതയിൽ എത്തിച്ചേരാനും ആരെയും പിന്നിലാക്കാത്ത വികസനം (Inclusive Development) എന്ന മഹത്തായ ലക്ഷ്യം യാഥാർത്ഥ്യമാക്കാനും കേരളം ലക്ഷ്യമിട്ടു. സാധാരണ ദാരിദ്ര്യത്തിന്റെ അളവുകൾക്ക് പുറത്തുള്ള, അതിജീവനത്തിന് വേണ്ടിപോലും കഷ്ടപ്പെടുന്ന, പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടാതെപോയ ഒരു ചെറുന്യൂനപക്ഷത്തെ കൈപിടിച്ചുയർത്താനുള്ള ഈ ദൗത്യം, രാജ്യത്തെ മറ്റൊരു സംസ്ഥാനവും ഇതുവരെ ഏറ്റെടുക്കാത്ത, വ്യക്തിഗത ശ്രദ്ധയും കരുതലും ഉറപ്പാക്കുന്ന ഒരു മാതൃകയായി ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടു.

## അതിദാരിദ്ര്യ നിർണ്ണയത്തിന്റെ ശാസ്ത്രീയ മാർഗ്ഗം

അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ആദ്യത്തെയും ഏറ്റവും പ്രധാനപ്പെട്ടതുമായ വെല്ലുവിളി, ഈ 'അദൃശ്യ ദാരിദ്ര്യം' അനുഭവിക്കുന്നവരെ



ശാസ്ത്രീയമായും സമഗ്രമായും നിർവചിക്കുകയും കണ്ടെത്തുകയും ചെയ്യുക എന്നതായിരുന്നു. അതിജീവനത്തിന് വേണ്ട നാല് അടിസ്ഥാന ആവശ്യങ്ങൾ (ഭക്ഷണം, വസ്ത്രം, സുരക്ഷിത താമസസ്ഥലം, അടിസ്ഥാന വരുമാനം) നേടിയെടുക്കാൻ കഴിയാതെ, ജീവിതം പ്രതിസന്ധിയിലായ വിഭാഗമാണ് അതിദരിദ്രർ. മുൻപ് നടപ്പാക്കിയ പല ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ നിന്നും വിവിധ കാരണങ്ങളാൽ ഒഴിവായിപ്പോയവരും അവകാശങ്ങൾക്കുവേണ്ടി ശബ്ദമുയർത്താൻ പോലും ശേഷിയില്ലാതെ, അതിതീവ്ര ദാരിദ്ര്യം അനുഭവിക്കുന്നവരും ഇക്കൂട്ടത്തിൽപ്പെടുന്നു. ഈ മറഞ്ഞിരിക്കുന്ന ദാരിദ്ര്യത്തെ പുറത്തുകൊണ്ടുവരുന്നതിനായി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം വിശദമായ സർവേകൾ നടത്തി. തദ്ദേശ സ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെയും കുടുംബശ്രീ സംവിധാനത്തിന്റെയും വിവിധ വകുപ്പുകളുടെയും സജീവ സഹകരണത്തോടെ, വീടുകൾ തോറുമുള്ള വിവര ശേഖരണത്തിലൂടെ അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തി. ഈ പ്രക്രിയയിൽ, താഴെ പറയുന്ന നാല് പ്രധാന ക്ലേശഘടകങ്ങളെ (Distress Factors) അടിസ്ഥാനമാക്കിയാണ് അതിദാരിദ്ര്യത്തെ നിർവചിച്ചത്:



1. ആഹാരം: ദിവസേനയുള്ള ആഹാരത്തിന്റെ അപര്യാപ്തത, പോഷകാഹാരക്കുറവ്.
2. ആരോഗ്യം: തുടർച്ചയായ ആരോഗ്യ പ്രശ്നങ്ങൾ, പരിചരണത്തിന്റെ അഭാവം.
3. സുരക്ഷിത വാസസ്ഥലം: സുരക്ഷിതമല്ലാത്ത, വാസയോഗ്യമല്ലാത്ത പാർപ്പിടം.
4. വരുമാനം: സ്ഥിരമായ വരുമാന മാർഗ്ഗമില്ലായ്മ.

ഇവ കൂടാതെ, വൈകല്യം, വാർദ്ധക്യം, അവകാശ രേഖകളുടെ അഭാവം, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ നേരിടുന്ന സവിശേഷ പ്രശ്നങ്ങൾ, അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം തുടങ്ങിയ ദുർബലതാ ഘടകങ്ങൾ കൂടി പരിഗണിച്ച്, ഏറ്റവും ദുരിതമനുഭവിക്കുന്നവരുടെ സമഗ്രമായ പട്ടിക തയ്യാറാക്കി.

## അതിദരിദ്ര കുടുംബങ്ങളുടെ കണക്കും 'അവകാശം അതിവേഗം' ക്യാമ്പയിനും

2021 ജൂലൈ മാസത്തിൽ ആരംഭിച്ച അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ, കേരളത്തിലെ 1032 തദ്ദേശസ്ഥാപനങ്ങളിലായി 64,006 അതിദരിദ്ര കുടുംബങ്ങളിലെ 1,03,099 വ്യക്തികളെ കണ്ടെത്താൻ സഹായിച്ചു. ഇവരെ 2025 നവംബർ 1-ന് മുമ്പ് അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കുക എന്നതായിരുന്നു പദ്ധതിയുടെ അടിയന്തരവും കൃത്യവുമായ ലക്ഷ്യം. അതിദരിദ്രരിൽ പലർക്കും സർക്കാർ സേവനങ്ങളും ആനുകൂല്യങ്ങളും ലഭിക്കുന്നതിന് ആവശ്യമായ അവകാശ രേഖകൾ (റേഷൻ കാർഡ്, ആധാർ) ഉണ്ടായിരുന്നില്ല. ഈ ഭരണപരമായ തടസ്സം നീക്കുന്നതിനായി 'അവകാശം അതിവേഗം' എന്ന പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും സജീവമായ കൈത്താങ്ങോടെ, അതിദരിദ്രർക്ക് ആവശ്യമായ രേഖകൾ അതിവേഗം ലഭ്യമാക്കുകയും അതുവഴി സർക്കാർ സേവനങ്ങളിലേക്കുള്ള പ്രവേശന കവാടം അവർക്കായി തുറക്കുകയും ചെയ്തു. ഇത്, അതിദാരിദ്ര്യ നിർമ്മാർജ്ജന പ്രക്രിയയുടെ വേഗത വർദ്ധിപ്പിക്കുന്നതിൽ നിർണായക പങ്ക് വഹിച്ചു.

## കേരളത്തിന്റെ സവിശേഷ സമീപനം: അന്തസ്സോടെയുള്ള വീണ്ടെടുപ്പിന്റെ മൈക്രോ പ്ലാനുകൾ

ഈ പദ്ധതിയുടെ ഏറ്റവും വലിയ സവിശേഷതയും ലോകത്തിന് മുന്നിൽ കേരളം സമർപ്പിക്കുന്ന അതുല്യമായ മാതൃകയും ഓരോ അതിദരിദ്ര കുടുംബത്തിനും വേണ്ടി തയ്യാറാക്കിയ വ്യക്തിഗത മൈക്രോ പ്ലാനുകളാണ്. കേവലം സാമ്പത്തിക സഹായം നൽകുന്നതിനപ്പുറം, കണ്ടെത്തിയ ഓരോ കുടുംബത്തിന്റെയും അവസ്ഥ, അവരുടെ നാല് ക്ലേശഘടകങ്ങളെയും അഭിമുഖീകരിക്കുന്നതിന് ആവശ്യമായ സഹായങ്ങളും സേവനങ്ങളും സമന്വയിപ്പിച്ച് ഒരു സമഗ്രമായ വീണ്ടെടുപ്പ് രേഖ രൂപീകരിച്ചു.

പ്രാദേശിക സർക്കാരുകളുടെ സജീവ പങ്കാളിത്തമാണ് ഈ പദ്ധതിയുടെ ഊർജ്ജ കേന്ദ്രം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ, വിവിധ സർക്കാർ വകുപ്പുകൾ, മിഷനുകൾ (ലൈഫ് മിഷൻ, കുടുംബശ്രീ മിഷൻ), പൊതുസമൂഹ സംഘടനകൾ എന്നിവയുടെയെല്ലാം കൂട്ടായ പരിശ്രമത്തിലൂടെയാണ് ഈ മൈക്രോ പ്ലാനുകൾ പ്രാവർത്തികമാക്കിയത്. ഭക്ഷണത്തിനായി പ്രത്യേക കിറ്റുകൾ, ആരോഗ്യ ആവശ്യങ്ങൾക്കായി പരിചരണം, സുരക്ഷിതമായ വാസസ്ഥലത്തിനായി ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തൽ, വരുമാനത്തിനായി ഉപജീവന മാർഗ്ഗങ്ങൾ കണ്ടെത്തൽ എന്നിങ്ങനെ ഓരോ കുടുംബത്തിന്റെയും ആവശ്യങ്ങൾക്കനുസരിച്ച് പിന്തുണ ഉറപ്പാക്കി. 'ആദ്യമായി അതിദരിദ്രരെ കണ്ടെത്തുക, ഓരോരുത്തരെയും ശ്രദ്ധിക്കുക, പിന്തുണ നൽകുക' എന്ന ഈ സവിശേഷ സമീപനം, ആരും അവഗണിക്കപ്പെട്ടു പോകാതിരിക്കാനുള്ള സർക്കാരിന്റെ കരുതലും സാമൂഹിക ഉത്തരവാദിത്തവും വിളിച്ചോതുന്നു.

## നാല് ക്ലേശഘടകങ്ങളിലെ സമഗ്ര ഇടപെടലുകൾ

മൈക്രോ പ്ലാനുകളിലൂടെ, അതിദരിദ്ര കുടുംബങ്ങളെ അവരുടെ ദുരിതങ്ങളിൽ നിന്ന് മോചിപ്പിക്കുന്നതിന് താഴെ പറയുന്ന നാല് പ്രധാന മേഖലകളിൽ നടത്തിയ ഇടപെടലുകൾ കേരളത്തിന്റെ സാമൂഹിക പ്രതിബദ്ധതയുടെ സാക്ഷ്യങ്ങളാണ്:

## ആഹാരം: വിശപ്പില്ലാത്ത ജീവിതം

വിശപ്പില്ലാത്ത ഒരു ജീവിതം ഓരോ പൗരനും ഉറപ്പാക്കുന്നതിലൂടെയാണ് ഈ പദ്ധതിക്ക് തുടക്കമായത്. അതിദരിദ്ര കുടുംബങ്ങൾക്ക് മതിയായ ഭക്ഷണം ഉറപ്പാക്കുന്നതിനായി, മാസത്തിൽ നിശ്ചിത എണ്ണം ഭക്ഷ്യ കിറ്റുകൾ സൗജന്യമായി വിതരണം ചെയ്തു. 'അവകാശം അതിവേഗം' ക്യാമ്പയിനിലൂടെ റേഷൻ കാർഡ് പോലുള്ള അവകാശ രേഖകൾ അതിവേഗം ലഭ്യമാക്കിയത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിൽ നിർണായകമായി. ഇതിനോടൊപ്പം, കുട്ടികൾ, ഗർഭിണികൾ, പ്രായമായവർ തുടങ്ങിയ പ്രത്യേക വിഭാഗങ്ങൾക്ക് ആവശ്യമായ പോഷകാഹാരം

അതിദരിദ്രരുടെ സംഖ്യ (ജില്ല തിരിച്ച്)




Source: Economic Review 2024



ഉറപ്പാക്കുന്നതിന് പ്രത്യേക പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി.

## ആരോഗ്യം: പരിചരണത്തിന്റെ സ്പർശം

ആരോഗ്യപരമായ പ്രശ്നങ്ങൾ ഒരു കുടുംബത്തെ അതിദാരിദ്ര്യത്തിലേക്ക് തള്ളിവിടുന്ന പ്രധാന കാരണം ആയതിനാൽ, ഈ ക്ലേശഘടകത്തിന് കീഴിൽ സമഗ്രമായ ഇടപെടലുകൾ നടന്നു. കുടുംബാംഗങ്ങൾക്ക് സൗജന്യ ചികിത്സയും ആരോഗ്യ ഇൻഷുറൻസും ലഭ്യമാക്കി. കിടപ്പുരോഗികൾ, കാൻസർ രോഗികൾ, മറ്റ് ഗുരുതര രോഗങ്ങൾ ഉള്ളവർ എന്നിവർക്ക് വേണ്ടി പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെയും ആരോഗ്യ പ്രവർത്തകരുടെയും സേവനം വീടുകളിലെത്തിച്ചു. പ്രാദേശിക തലത്തിൽ ഈ പരിചരണം ഉറപ്പാക്കുന്നതിൽ തദ്ദേശ സ്ഥാപനങ്ങൾ നിർണായക പങ്കുവഹിച്ചു. വൈകല്യം ഉള്ളവർക്ക് പെൻഷനുകളും മറ്റ് ആനുകൂല്യങ്ങളും സമയബന്ധിതമായി ലഭ്യമാക്കിക്കൊണ്ട്, അവരുടെ പ്രത്യേക ആവശ്യങ്ങൾ നിറവേറ്റി.

## വാസസ്ഥലം: സുരക്ഷിത പാർപ്പിടം

സുരക്ഷിതവും വാസയോഗ്യവുമായ വീട് ഓരോ പൗരന്റെയും അന്തസ്സിന്റെ അടിസ്ഥാനമാണ്. ഭവന രഹിതരായ അതിദരിദ്ര കുടുംബങ്ങളെ ലൈഫ് മിഷൻ പദ്ധതിയിൽ പ്രത്യേകമായി ഉൾപ്പെടുത്തി. മൈക്രോ പ്ലാനിന്റെ അടിസ്ഥാനത്തിൽ, അതിദരിദ്രർക്ക് വീട് നിർമ്മിക്കുന്നതിൽ തദ്ദേശ സ്ഥാപനങ്ങൾ പ്രഥമവും അടിയന്തരവുമായ പരിഗണന നൽകി. പലയിടത്തും ജനകീയ കൂട്ടായ്മകളിലൂടെയും മറ്റ് പദ്ധതികളിലൂടെയും വീടുപണി വേഗത്തിൽ പൂർത്തിയാക്കി, അടിസ്ഥാന സൗകര്യങ്ങളില്ലാത്ത പൊളിഞ്ഞ കെട്ടിടങ്ങളിൽ കഴിഞ്ഞിരുന്ന ആയിരക്കണക്കിന് കുടുംബങ്ങൾക്ക് സുരക്ഷിതവും അന്തസ്സുള്ളതുമായ ഭവനം ലഭിച്ചു.

## വരുമാനം/ഉപജീവന മാർഗ്ഗം: സ്ഥിരതയിലേക്കുള്ള കൈത്താങ്ങ്

ദാരിദ്ര്യത്തിൽ നിന്ന് പൂർണ്ണമായും പുറത്തു വരുന്നതിന് സ്ഥിരമായ വരുമാന മാർഗ്ഗം അത്യന്താ

പേക്ഷിതമാണ്. ഉപജീവന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ശേഷിയുള്ള കുടുംബങ്ങളെ കണ്ടെത്തി, കുടുംബശ്രീയുടെ നേതൃത്വത്തിൽ 'ഉജ്ജീവനം' എന്ന പ്രത്യേക പദ്ധതി നടപ്പാക്കി. വ്യക്തിഗതമായോ കൂട്ടായോ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായവും പരിശീലനവും വിപണന സഹായവും നൽകി. കൂടാതെ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പോലുള്ള തൊഴിൽദാന പദ്ധതികളിൽ ഈ കുടുംബങ്ങൾക്ക് മുൻഗണന നൽകി. ഉപജീവന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ശേഷിയുള്ള 4395 കുടുംബങ്ങൾക്കും വരുമാനമാർഗ്ഗം നൽകാൻ സാധിച്ചു എന്നത് ഈ പദ്ധതിയുടെ സാമൂഹിക സാമ്പത്തിക വിജയം ഉറപ്പിക്കുന്നു.

## വിജയഗാഥകൾ: അതിജീവനത്തിന്റെ നേർചിത്രങ്ങൾ

അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ വിജയം, സർക്കാർ രേഖകളിലെ കണക്കുകളിലോ രേഖകളിലോ ഒതുങ്ങി നിൽക്കുന്ന ഒരു നേട്ടമല്ല. മറിച്ച്, ആയിരക്കണക്കിന് സാധാരണ കുടുംബങ്ങളുടെ ജീവിതത്തിൽ വന്ന ഗുണപരമായ മാറ്റങ്ങളിലാണ് അതിന്റെ യഥാർത്ഥ മൂല്യം. നിസ്സഹായതയുടെയും അരക്ഷിതാവസ്ഥയുടെയും പിടിയിലായിരുന്ന പതിനായിരക്കണക്കിന് കുടുംബങ്ങൾക്ക് അന്തസ്സും ആത്മവിശ്വാസവും പ്രതീക്ഷയും തിരികെ നൽകിയ ഒരു മഹത്തായ മാനുഷിക ഇടപെടലാണ് ഈ പദ്ധതി. സുരക്ഷിതമായ വാസസ്ഥലം, സ്ഥിര വരുമാനം, ആരോഗ്യപരിരക്ഷ, പോഷകാഹാരം എന്നീ അടിസ്ഥാന ആവശ്യങ്ങൾ നിഷേധിക്കപ്പെട്ട് ദുരിത ജീവിതം നയിച്ചിരുന്ന കുടുംബങ്ങൾക്ക്, വ്യക്തിഗത മൈക്രോ പ്ലാനുകളുടെ കൃത്യമായ ഇടപെടലിലൂടെ സുരക്ഷിതവും അന്തസ്സുള്ളതുമായ പുതിയ ജീവിതം ഉറപ്പാക്കുവാൻ സാധിച്ചു.

ഇത്തരത്തിൽ, സംസ്ഥാനത്തെ 64,006 കുടുംബങ്ങൾക്കും അവരുടെ നാല് പ്രധാന ക്ലേശഘടകങ്ങളെ അഭിമുഖീകരിക്കുന്നതിന് ആവശ്യമായ സഹായങ്ങളും സേവനങ്ങളും സമന്വയിപ്പിച്ച് നൽകി, അവരുടെ ജീവിതം വഴിമുട്ടി നിന്ന അവസ്ഥയിൽ നിന്ന് മോചിപ്പിച്ചു. ഓരോ വ്യക്തിയെയും അവരുടെ ദുർബലതകളെയും പ്രത്യേകമായി പരിഗണിച്ച ഈ ഇടപെടലുകൾ, സാമൂഹിക നീതിയോടുള്ള കേരളത്തിന്റെ അചഞ്ചലമായ പ്രതിബദ്ധതയുടെ തെളിവുകളാണ്.

## സുസ്ഥിരതയും ഭാവികാഴ്ചപ്പാടും

അതിദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യം കൈവരിച്ചതിനു ശേഷവും ഈ പദവി സുസ്ഥിരമായി

മൈക്രോപ്ലാൻ സംഗ്രഹം (ഗുണഭോക്താക്കളുടെ എണ്ണം)




Source: Economic Review 2024



നിലനിർത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അതിദരിദ്ര കുടുംബങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളും ആനുകൂല്യങ്ങളും തടസ്സമില്ലാതെ തുടർന്നും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളും വകുപ്പുകളും മിഷനുകളും തുടർനടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയും, DEED (Digitalisation of Every Essential Document) പോലുള്ള ഡിജിറ്റൽ ഇനിഷ്യേറ്റീവുകളും സാമൂഹ്യ സുരക്ഷാ സംവിധാനങ്ങളെ കൂടുതൽ ശക്തമാക്കും.

അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി വിജയകരമായി പൂർത്തീകരിച്ച്, കേരളം രാജ്യത്തെ ആദ്യ അതിദാരിദ്ര്യമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കപ്പെടുമ്പോൾ, അത് ലോകത്തിന് ശക്തമായ ഒരു സന്ദേശമാണ് നൽകുന്നത്. ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളായ 'ദാരിദ്ര്യമില്ലായ്മ' (No Poverty - SDG 1), 'പട്ടിണിയില്ലായ്മ' (Zero Hunger - SDG 2) എന്നിവ പൂർണ്ണമായും കൈവരിക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമെന്ന ലക്ഷ്യത്തിലേക്ക് കേരളം അടുക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, മറ്റ് സർക്കാർ വകുപ്പുകൾ, പൊതു സമൂഹം എന്നിവയുടെയെല്ലാം കൂട്ടായ പരിശ്രമത്തിലൂടെയും ഏകോപനത്തിലൂടെയും ദാരിദ്ര്യം പൂർണ്ണമായും ഇല്ലാതാക്കാൻ സാധിക്കുമെന്ന സന്ദേശമാണ് കേരളം നൽകുന്നത്; പ്രാദേശിക സർക്കാരുകൾക്ക് ഈ യജ്ഞത്തിൽ എത്രത്തോളം നിർണായകമായ പങ്ക് വഹിക്കാൻ സാധിക്കുമെന്ന് കേരളം തെളിയിച്ചു. പൗരന്മാരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും സമൂഹത്തിൽ യഥാർത്ഥ തുല്യതയും സാമൂഹിക നീതിയും അന്തസ്സും ഉറപ്പാക്കുന്നതിനും ഈ പദ്ധതി നിർണ്ണായകമായി. ആരെയും പിന്നിലാക്കാതെ, എല്ലാവരെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വികസനം സാധ്യമാക്കാമെന്ന് ഈ നേട്ടം ലോകത്തെ ഓർമ്മിപ്പിക്കുന്നു.

2021-ലെ ആദ്യ മന്ത്രിസഭാ യോഗത്തിൽ എടുത്ത ചരിത്രപരമായ തീരുമാനത്തിൽ നിന്ന് തുടങ്ങി, നാല് വർഷം നീണ്ട നിരന്തരമായ പ്രവർത്തനങ്ങളിലൂടെ, 64,006 കുടുംബങ്ങൾക്ക് കൈത്താങ്ങായി മാറിയ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി, കേരളത്തിന്റെ സാമൂഹിക വികസന ചരിത്രത്തിലെ ഏറ്റവും തിളക്കമുള്ള ഒരധ്യായമാണ്. തദ്ദേശ സ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെയും പ്രാദേശിക ഭരണകൂടങ്ങളുടെയും അശ്രാന്ത പരിശ്രമം ഈ വിജയത്തിന് പിന്നിലുണ്ട്. എല്ലാവരെയും ഉൾക്കൊള്ളുന്നതും എല്ലാവർക്കും മെച്ചപ്പെട്ട ജീവിതം ഉറപ്പാക്കുന്നതുമായ ഒരു നവകേരള നിർമ്മാണത്തിലേക്കുള്ള ശക്തമായ ചുവടുവെയ്പ്പാണ് ഈ ചരിത്രപരമായ നേട്ടം.

# അതിദരിദ്രരെ ക

1

ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ
**5894**

3

തദ്ദേശ സ്വയംഭരണ സ്ഥാപന സബ് കമ്മിറ്റികൾ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങൾ
**87158**

5

സൂപ്പർ ചെക്കിന് വിധേയമാക്കിയ കുടുംബങ്ങൾ
**17265**

7

# ണ്ടെത്തൽ പ്രക്രിയ

2

കരട് ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങൾ
1,18,350

4

എന്യൂമറേഷൻ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങൾ
87158

6

ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങൾ
73,747

അന്തിമ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങൾ
64006

# വിഷൻ 2031

# കേരള വികസന രൂപരേഖ

2031 ലേക്കുള്ള വികസനലക്ഷ്യങ്ങൾ നേടുന്നതിനുള്ള പദ്ധതി സമീപനം രൂപപ്പെടുത്തുന്നതിനുള്ള തദ്ദേശസ്വയംഭരണവകുപ്പിന്റെ വിഷൻ 2031 സെമിനാറുകൾ 2025 ഒക്ടോബർ 15 ന് പാലക്കാട്ട് നടന്നു. കഴിഞ്ഞ 10 വർഷത്തെ വികസന നേട്ടങ്ങൾ വിഷൻ 2031 അവലോകനം ചെയ്തു.

2015 മുതൽ 2025 വരെയുള്ള കാലഘട്ടം കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഒരു പരിവർത്തന ഘട്ടമായിരുന്നു. 73, 74 ഭരണഘടനാ ഭേദഗതികളുടെ





തുടർച്ചയിൽ കേരളം കൈക്കൊണ്ട നടപടികൾ അടിസ്ഥാനതല ജനാധിപത്യം കൂടുതൽ ആഴത്തിൽ വേരുറപ്പിക്കാൻ സഹായിച്ചു. പങ്കാളിത്ത ഭരണത്തിന്റെ കേരള മാതൃക ലോകതലത്തിൽ കൂടുതൽ അംഗീകരിക്കപ്പെട്ടു.

അധികാര വികേന്ദ്രീകരണവും സാമ്പത്തിക ശാക്തീകരണവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്വയംഭരണ മികവിലും ആസൂത്രണ ശേഷിയിലും വലിയ മാറ്റമുണ്ടാക്കി. സംസ്ഥാന വികസന ഫണ്ടിന്റെ 35 – 40% വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് കൈമാറാനുള്ള നയതീരുമാനം ഇതിൽ നിർണായകമായി.



## ഫണ്ട് വിഹിതം

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ (2021-26) ശുപാർശകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഫണ്ട് വിഹിതം ഗണ്യമായി വർദ്ധിപ്പിച്ചു. ഇത് പ്രാദേശിക ആസൂത്രണത്തിലും ചെലവുകളിലും പ്രാദേശിക സർക്കാരുകൾക്ക് കൂടുതൽ വിവേചന അധികാരം നൽകി.

## മാസ്റ്റർ പ്ലാൻ അധികാരം

പ്രാദേശിക തലത്തിൽ ഭൂവിനിയോഗവും അടിസ്ഥാന സൗകര്യ വികസനവും സമന്വയിപ്പിച്ചുകൊണ്ട് മേഖലാപരമായ വികസന മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിനും പ്രാഥമിക അംഗീകാരം നൽകുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധികാരം വർദ്ധിപ്പിച്ചു.

## സാമൂഹിക ഉൾപ്പെടുത്തലും പ്രാദേശിക ജനാധിപത്യം ഉറപ്പിക്കലും

ദുർബല വിഭാഗങ്ങളെയും സ്ത്രീകളെയും വികസന പ്രക്രിയയുടെ കേന്ദ്രത്തിൽ നിർത്തി രാഷ്ട്രീയ-സാമൂഹിക ഉൾപ്പെടുത്തലിനുള്ള വേദിയായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിളക്കമാർന്ന പ്രവർത്തനം കാഴ്ചവച്ചു.

## വനിതാ ശാക്തീകരണം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പുകളിൽ സ്ത്രീകൾക്ക് 50 ശതമാനം സംവരണം നടപ്പിലാക്കിയത് വലിയ വിജയമായി. ജനപ്രതിനിധികളിൽ പകുതിയിലധികവും സ്ത്രീകളായി. വർദ്ധിച്ച സ്ത്രീ പ്രാതിനിധ്യം കുടിവെള്ളം, ശുചിത്വം, പൊതുജനാരോഗ്യം തുടങ്ങിയ അവശ്യ സേവനങ്ങൾ



പ്രാദേശികമായി നടപ്പിലാക്കുന്നതിൽ വ്യക്തമായ സ്വാധീനം ചെലുത്തി.

## ഗ്രാമസഭകൾക്ക് പുത്തൻ ഉണർവ്

ഗ്രാമസഭകൾ (നഗരപ്രദേശങ്ങളിൽ വാർഡ് സഭകൾ) പങ്കാളിത്ത ഭരണത്തിന്റെ അടിസ്ഥാന ഘടകമായി പ്രവർത്തിച്ചു. ഗുണഭോക്താക്കളെ സുതാര്യമായി തിരഞ്ഞെടുക്കുന്നതിനും, സാമൂഹിക ഓഡിറ്റിങ്ങിനും വാർഷിക ആസൂത്രണത്തിനുമുള്ള പ്രാദേശിക വിവരങ്ങൾ നേരിട്ട് സമാഹരിക്കുന്നതിനും ഇത് സഹായിച്ചു

## ഡിജിറ്റൽ പരിവർത്തനവും സേവന വിതരണവും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംസ്ഥാനത്തിന്റെ ഇ-ഗവേണൻസ് ഉദ്യമത്തിന് നേതൃത്വം നൽകുകയും കേരളത്തെ ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷര സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിൽ നിർണായക പങ്ക് വഹിക്കുകയും ചെയ്തു

## സംയോജിത ഇ–ഗവേണൻസ് പ്ലാറ്റ്ഫോമുകൾ

കെ സ്മാർട്ട് (കേരള സൊല്യൂഷൻസ് ഫോർ മാനേജ്മെന്റ് ഓഫ് അഡ്മിനിസ്ട്രേറ്റീവ് റിഫോം ആന്റ് ട്രാൻസ്ഫർമേഷൻ) ഐഎൽജിഎംഎസ് (ഇൻറഗ്രേറ്റഡ് ലോക്കൽ ഗവൺമെന്റ് മാനേജ്മെന്റ് സിസ്റ്റം) പോലുള്ള സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന എല്ലാ തലങ്ങളിലുമുള്ള പൗരസേവനങ്ങളെ വിജയകരമായി ഏകീകരിച്ചു. ഇത് ഭരണപരമായ പ്രക്രിയകളുടെ വേഗതയും സുതാര്യതയും വർധിപ്പിച്ചു

# വിഷൻ 2031

വിഷൻ 2031 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രധാനമായും ക്ഷേമാധിഷ്ഠിത സേവന ദാതാക്കൾ എന്ന നിലയിൽനിന്ന് സുസ്ഥിര സാമ്പത്തിക വളർച്ചയിലും കാലാവസ്ഥാ പ്രതിരോധശേഷിയിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന സമഗ്ര പ്രാദേശിക വികസന ഏജൻസികളാക്കി മാറ്റുന്നതിനുള്ള തന്ത്രം രൂപപ്പെടുത്തുന്നതിന് ഊന്നൽ നൽകുന്നു. ഈ പരിവർത്തനം 3 എഫുകൾ (three Fs) എന്ന തത്വം യാഥാർത്ഥ്യമാക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു:

## സാമ്പത്തിക സ്വയംഭരണം (fiscal autonomy)

നികുതി, ഫീസ്, ലൈസൻസ് എന്നിവ ഏർപ്പെടുത്തുന്നതിനും ശേഖരിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം നൽകുക, മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന നഗര തദ്ദേശ സ്ഥാപനങ്ങളെ മുനിസിപ്പൽ ബോണ്ടുകൾ പോലുള്ള മാർക്കറ്റ് ഫണ്ടിങ്ങിന് പ്രോത്സാഹിപ്പിക്കുക.

## കാര്യ നിർവഹണ സ്വാതന്ത്ര്യം (functional autonomy)

29 ഭരണഘടനാ വിഷയങ്ങളുമായി ബന്ധപ്പെട്ട അധികാരങ്ങൾ പൂർണമായി കൈമാറുക. സംസ്ഥാനത്തിന്റെ അനാവശ്യ ഇടപെടലുകൾ കുറച്ച് പ്രാദേശിക ആവശ്യങ്ങൾക്ക് അനുസരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യാൻ അനുവദിക്കുക. പഴയതും സങ്കീർണവുമായ നിയമങ്ങളും ചട്ടങ്ങളും ലളിതമാക്കുകയും ഏകീകരിക്കുകയും ചെയ്യുക.

### ഉദ്യോഗസ്ഥ ശേഷിയും മികവും ശക്തിപ്പെടുത്തൽ
(functionaries and capacity )

സാമ്പത്തിക, സാങ്കേതിക, എൻജിനീയറിങ് വിഷയങ്ങളിൽ വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു ഏകീകൃത കേഡർ (Unified Cadre) രൂപീകരിക്കുക. തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും സുസ്ഥിര വികസന ലക്ഷ്യങ്ങൾ(SDG), ദുരന്തനിവാരണ ആസൂത്രണം എന്നിവയിൽ നിരന്തര പരിശീലനം നൽകുക

## സെഷൻ 1

### ഉപജീവനം, പ്രാദേശിക സാമ്പത്തിക വികസനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സുസ്ഥിര പ്രാദേശിക സാമ്പത്തിക വളർച്ചയുടെ എഞ്ചിനുകളായി പരിവർത്തനം ചെയ്യുകയും യുവാക്കളുടെ കുടിയേറ്റ പ്രശ്നം പരിഹരിക്കുകയും ചെയ്യണം. യുവാക്കൾ തൊഴിൽ തേടി വിദേശത്തേക്ക് പോകുന്ന അവസ്ഥ മാറണം. താഴെത്തട്ടിലുള്ള സംരംഭങ്ങളുടെ ഒരു വലിയ ശൃംഖല ഉണ്ടാക്കുക എന്നതാണ് ഇതിന് പരിഹാരം.

**തൊഴിൽ, സംരംഭകത്വം:** കുടുംബശ്രീയുമായി സഹകരിച്ച് സംരംഭങ്ങളെ ഗ്രോത്ത് എന്റർപ്രൈസുകൾ ആക്കി മാറ്റണം.

**സാങ്കേതികവിദ്യ:** ശേഷിയുള്ള വിത്തുകൾ ഉപയോഗിച്ച് കാർഷിക ഉത്പാദനം വർദ്ധിപ്പിക്കണം. ഉത്പന്നങ്ങളുടെ നിലവാരം കൂട്ടാനായി ഗവേഷണ സ്ഥാപനങ്ങളിൽ നിന്ന് 154 സാങ്കേതിക വിദ്യകൾ വാങ്ങിയിട്ടുണ്ട്.

**മൂല്യ വർദ്ധനവ്:** പ്രാദേശികമായി ലഭിക്കുന്ന വിളകളെ സംസ്കരിച്ച് ഉൽപ്പന്നങ്ങൾ ആക്കി വരുമാനം വർദ്ധിപ്പിക്കണം. സ്റ്റാർട്ടപ്പുകൾക്കും പ്രാദേശിക അറിവിനും പ്രാധാന്യം നൽകണം.

**തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്:** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എല്ലാ സഹായങ്ങളും നൽകുന്ന ഏകജാലക സംവിധാനമായി (Single window system) മാറണം. പ്രാദേശിക, സൂക്ഷ്മതല ആസൂത്രണം (net planning) നടത്തണം

## സെഷൻ 2

### വികേന്ദ്രീകൃത ഭരണം, പ്രൊഫഷണൽവൽക്കരണം

ഭരണഘടനാപരമായ അധികാരങ്ങൾ പൂർണമായി വികേന്ദ്രീകരിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപന ഭരണത്തിന് കഴിവുറ്റ പ്രൊഫഷണൽ അടിത്തറ ഉണ്ടാക്കുകയും ചെയ്യണം.

29 ഭരണഘടനാ വിഷയങ്ങളുമായി ബന്ധപ്പെട്ട ധനം, ചുമതലകൾ, ഉദ്യോഗസ്ഥർ (fund, function,






functionaries) എന്നിവ കൈമാറ്റം ചെയ്യുന്നതിലെ അവ്യക്തതകൾ പരിഹരിച്ച് സംസ്ഥാനതല വകുപ്പുകളിൽ നിന്ന് അധികാരങ്ങൾ തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറണം.

**സംയോജിത കേഡർ രൂപീകരണം:** എഞ്ചിനീയർമാർ, ധനകാര്യ വിദഗ്ധർ, ഐടി വിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ ഒരു പ്രത്യേക സംയോജിത കേഡർ സ്ഥാപിക്കണം. ഇത് പ്രൊഫഷണൽ വൈദഗ്ധ്യം സ്ഥാപനവൽക്കരിക്കുകയും ഡെപ്യൂട്ടേഷൻ സമ്പ്രദായത്തെ ആശ്രയിക്കുന്ന അവസ്ഥ ഇല്ലാതാക്കുകയും ചെയ്യും.

പ്രാദേശിക മാസ്റ്റർ പ്ലാനുകൾക്കും പ്രാദേശിക തലത്തിൽ ചട്ടങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനുമുള്ള അന്തിമ അധികാരം നൽകി പ്രാദേശിക സർക്കാരുകളെ നിയമപരമായി ശാക്തീകരിക്കണം. സംസ്ഥാന ഏജൻസികളെ ആശ്രയിക്കുന്നത് കുറയ്ക്കണം.

# സെഷൻ 3

## ഡിജിറ്റൽ ഭരണം, പൗരകേന്ദ്രീകൃത സേവനം

ഉയർന്ന ഉത്തരവാദിത്വവും സുതാര്യതയും ഉള്ള, 100% ഡിജിറ്റൽ ആയ, സേവന ദാതാക്കൾക്കും പൗരന്മാർക്കുമിടയിൽ നേരിട്ടുള്ള ബന്ധം ആവശ്യമില്ലാത്ത (faceless) സേവന വിതരണം സാധ്യമാക്കണം.

കെ സ്മാർട്ട് പോലുള്ള സംയോജിത പ്ലാറ്റ്ഫോമുകൾ വഴി എല്ലാ പൗരസേവനങ്ങളും (ലൈസൻസുകൾ, കെട്ടിട പെർമിറ്റുകൾ, രജിസ്ട്രേഷനുകൾ) ഈ രീതിയിൽ നൽകണം.

### പൗരാവകാശ രേഖ :

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പൊതുജന പരാതികൾ പരിഹരിക്കുന്നതിനും സേവന അപേക്ഷകളിൽ നടപടി പൂർത്തിയാക്കുന്നതിനും സമയപരിധി നിർണയിക്കുന്ന പൗരാവകാശ രേഖ കർശനമായി നടപ്പാക്കണം.

### സാങ്കേതികവിദ്യാ സംയോജനം

സേവനം ലഭ്യമാക്കുന്ന സമയക്രമം നേരത്തെ അറിയിക്കൽ, തട്ടിപ്പ് കണ്ടെത്തൽ, വിഭവ വിതരണം മെച്ചപ്പെടുത്തൽ എന്നിവയ്ക്കായി നിർമ്മിത ബുദ്ധി (artificial intelligence), മെഷീൻ ലേണിങ് (ML) പോലുള്ള നൂതന സാങ്കേതികവിദ്യകൾ ഘട്ടം ഘട്ടമായി സംയോജിപ്പിക്കണം.

# സെഷൻ 4

## പാർപ്പിടം, ഗ്രാമവികസനം

അടിസ്ഥാന പാർപ്പിടവിതരണത്തിനപ്പുറം സമഗ്രമായ ദാരിദ്ര്യ നിർമ്മാർജ്ജനത്തിലേക്കും ഗ്രാമപുനരുജ്ജീവനത്തിലേക്കും നീങ്ങാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയണം.

## ദാരിദ്ര്യം ഇല്ലാത്ത തദ്ദേശ സ്ഥാപനം

ദാരിദ്ര്യം ഇല്ലാത്ത പ്രാദേശിക സർക്കാർ (poverty free LSGIs) സാധ്യമാക്കണം. ഇതിനുള്ള പ്രധാന പ്രവർത്തനങ്ങളിൽ സ്വയംസഹായ സംഘങ്ങളെ (SHG), പ്രത്യേകിച്ച് കുടുംബശ്രീയെ, മൈക്രോസംരംഭകത്വത്തിന്റെ പ്രധാന കേന്ദ്രങ്ങൾ ആക്കി ശക്തിപ്പെടുത്തുക, ഗുണഭോക്താക്കളെ ആശ്രിതത്വത്തിൽ നിന്ന് സ്വയംപര്യാപ്തതയിലേക്ക് ഉയർത്തുക എന്നിവ ഉൾപ്പെടുന്നു.




## പ്രാദേശിക തൊഴിലവസരങ്ങൾ

മടങ്ങിയെത്തുന്ന വിദേശ കേരളീയരുടെ (NRK) വൈദഗ്ധ്യം ഉപയോഗിച്ച് പ്രാദേശികമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് വാർഡ് തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തൊഴിൽ സേന രൂപീകരിക്കണം.

## സുസ്ഥിര കൃഷി

ലഭ്യമായ എല്ലാ തരിശുഭൂമികളും സുസ്ഥിര കൃഷിക്കായി ഉപയോഗിക്കുകയും പ്രാദേശിക ഉൽപ്പാദനത്തെ നേരിട്ട് വിപണന ശൃംഖലകളുമായി ബന്ധിപ്പിക്കുകയും ചെയ്യണം.

# സെഷൻ 5

## ശുചിത്വം, മാലിന്യ സംസ്കരണം, ചാക്രിക സമ്പദ്‌വ്യവസ്ഥ

മികച്ച ശുചിത്വം, സുസ്ഥിരമായ മാലിന്യ സംസ്കരണം, കാലാവസ്ഥാപ്രതിരോധം എന്നിവ കൈവരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയണം. ഓഡിഎഫ് +, ഒഡിഎഫ് ++ പദവികൾ (Open defecation free ++) നേടുകയും അത് നിലനിർത്തുകയും ചെയ്യുക എന്നതാണ് അടിയന്തിര ലക്ഷ്യം. എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും നൂറുശതമാനം ഉറവിട മാലിന്യ സംസ്കരണം നിർബന്ധമാക്കണം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ യൂസർ ഫീശേഖരണം നൂറു ശതമാനമാക്കി ഹരിതകർമ്മസേനയ്ക്ക് സാമ്പത്തിക പിന്തുണ ഉറപ്പാക്കണം.

## കാലാവസ്ഥാ പ്രതിരോധ പ്രവർത്തനം

വെള്ളപ്പൊക്കം, വരൾച്ച തുടങ്ങിയ കാലാവസ്ഥാ ദുരന്തങ്ങളെ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കാലാവസ്ഥാ പ്രതിരോധ കർമ്മപദ്ധതികൾ (Local Climate Action Plan) വികസിപ്പിക്കണം.

# സെഷൻ 6

## ക്ഷേമം, സാമൂഹ്യനീതി, ലിംഗപദവി

ദുർബല വിഭാഗങ്ങൾക്ക് മുൻഗണന നൽകുന്ന നീതിയുക്തവും ഉൾക്കൊള്ളലിൽ അധിഷ്ഠിതവും അനുകമ്പയുള്ളതുമായ ഒരു സമൂഹം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേതൃത്വം നൽകണം.



### അനുകമ്പയുള്ള സമൂഹം (caring Society)

സാമൂഹിക സുരക്ഷാ വലയം ശക്തിപ്പെടുത്തി അനുകമ്പയുള്ള സമൂഹം സ്ഥാപിക്കുന്നതിൽ പ്രാദേശിക സർക്കാരുകൾ ശ്രദ്ധ കേന്ദ്രീകരിക്കണം. മുതിർന്ന പൗരന്മാർക്ക് പിന്തുണ നൽകുക, പാലിയേറ്റീവ് കെയർ സേവനങ്ങൾ സമൂഹ പങ്കാളിത്തത്തോടെ വികസിപ്പിക്കുക എന്നിവ പ്രധാനമാണ്.

### പ്രവേശനക്ഷമതയും ഉൾപ്പെടുത്തലും

ഭിന്നശേഷിക്കാർക്ക് എല്ലാ പൊതു സേവനങ്ങളിലും സൗകര്യങ്ങളിലും പ്രവേശനം ഉറപ്പാക്കി തദ്ദേശസ്ഥാപനങ്ങൾ ഭിന്നശേഷി സൗഹൃദ കേന്ദ്രങ്ങളായി മാറണം.

### വിദ്യാഭ്യാസ പിന്തുണ

സാമൂഹിക, സാമ്പത്തിക, ശാരീരിക, വെല്ലുവിളികൾ തടസ്സമാകാതെ എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം ലഭ്യമാക്കുന്ന 'സൗകര്യ സമ്പന്ന വിദ്യാലയങ്ങൾ' (no difficulty Schools) എന്ന ആശയം പ്രാവർത്തികമാക്കണം.

### ആരോഗ്യശ്രദ്ധ

പകർച്ചവ്യാധികളും ജീവിതശൈലി രോഗങ്ങളും താഴെത്തട്ടിൽ തടയുന്നതിനുള്ള സംവിധാനം മെച്ചപ്പെടുത്താൻ പ്രാഥമിക, പ്രാദേശിക ആരോഗ്യ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തണം.

### നിഗമനങ്ങളും ശുപാർശകളും

വിഷൻ 2031 കേരളത്തിന്റെ വികേന്ദ്രീകരണ യാത്രയിലെ ഒരു പ്രധാന ഘട്ടത്തെ പ്രതിനിധീകരിക്കുന്നു. പേരിൽ മാത്രമല്ല, പ്രവർത്തനത്തിലും യഥാർത്ഥ പ്രാദേശിക സർക്കാരുകൾ (മൂന്നാം തല സർക്കാർ) ആയി മാറാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറെടുക്കുകയാണ്. 3 എഫുകൾ (fiscal autonomy, functional autonomy, functionaries) എന്ന തന്ത്രം നടപ്പിലാക്കാനുള്ള രാഷ്ട്രീയവും ഭരണപരവുമായ ഇച്ഛാശക്തിയെ ആശ്രയിച്ചിരിക്കും ഇതിന്റെ വിജയം.

## പ്രധാന ശുപാർശകൾ

### ക്വാറം നിർബന്ധമാക്കുക

പങ്കാളിത്ത ആസൂത്രണത്തിന്റെ സമഗ്രത നിലനിർത്തുന്നതിനായി ഗ്രാമസഭകളിലും വാർഡ് സഭകളിലും നിർബന്ധിത ക്വാറം ഉറപ്പാക്കുന്നതിന് കർശന വ്യവസ്ഥകൾ നടപ്പിലാക്കണം.

### പ്രോക്സിഭരണം തടയുക

വികേന്ദ്രീകരണത്തിനുള്ള സാമൂഹിക തടസ്സങ്ങൾ, പ്രത്യേകിച്ച് 'സർപാഞ്ച് പതി' (തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റിന്റെ ഭർത്താവ് ഭരണം നിയന്ത്രിക്കുക) പോലുള്ളവ തടയാൻ ശക്തമായ നടപടികൾ ആരംഭിക്കണം.

### വരുമാന സ്വയംഭരണം

സംസ്ഥാന ഗ്രാന്റുകളിലുള്ള ആശ്രിതത്വം കുറയ്ക്കുന്നതിനും സാമ്പത്തിക സ്വയംപര്യാപ്തത വളർത്തുന്നതിനുമായി സ്വന്തമായി വരുമാനസ്രോതസ്സ് (നികുതികൾ, ഫീസുകൾ) വികസിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം നൽകണം.

പ്രാദേശിക തലത്തിൽ പ്രത്യേക വൈദഗ്ധ്യമുള്ള ഒരു സ്ഥിരം സംവിധാനത്തിന്റെ അഭാവം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന സ്ഥാപനപരമായ വെല്ലുവിളികളിൽ ഏറ്റവും ഗൗരവമുള്ളതാണ്. സാമ്പത്തിക വികസനത്തിന്റെയും ഡിജിറ്റൽ ഭരണത്തിന്റെയും ലക്ഷ്യങ്ങൾ നേടുന്നതിന് ഇത് പരിഹരിക്കേണ്ടത് അനിവാര്യമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപന ജീവനക്കാരുടെ തൊഴിൽപരമായ വൈദഗ്ധ്യം നിരന്തരം മെച്ചപ്പെടുത്തിക്കൊണ്ടു മാത്രമേ വിഷൻ 2031 വികസന ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കാൻ കഴിയൂ.

# മാലിന്യശേഖരണത്തിൽ റെക്കോഡ് കുതിപ്പ്; കഴിഞ്ഞ വർഷത്തേക്കാൾ 8984 ടണ്ണിന്റെ വർധന



സാമ്പത്തികവർഷം പകുതി പിന്നിട്ടപ്പോൾ മാലിന്യശേഖരണത്തിൽ റെക്കോഡ് കുതിപ്പ്. സെപ്തംബർ വരെയുള്ള കണക്കനുസരിച്ച് ക്ലീൻ കേരള കമ്പനി 34,628.51 ടൺ മാലിന്യമാണ് ശേഖരിച്ചത്. കഴിഞ്ഞ വർഷം ഇതേ കാലയളവിനെക്കാൾ (25,644.29 ടൺ) 8,984 ടണ്ണിന്റെ വർധന. 2024- 25 സാമ്പത്തിക വർഷം 61,664 ടൺ മാലിന്യമാണ് ശേഖരിച്ചത്. ഇത് സർവകാല റെക്കോഡ് ആയിരുന്നു. ഈ സാമ്പത്തിക വർഷം പൂർത്തിയാകുമ്പോൾ മാലിന്യശേഖരണം 70,000 ടൺ പിന്നിടുമെന്നാണ് കണക്കാക്കുന്നത്. 2023-24ൽ 47,548 ടൺ മാലിന്യം ശേഖരിച്ചു. 2022-–23ൽ ഇത് 30,444 ടൺ ആയിരുന്നു.

എഴുപത് ശതമാനം തദ്ദേശസ്ഥാപനങ്ങളുമായി മാലിന്യനീക്കത്തിന് ക്ലീൻ കേരള കമ്പനി കരാറിലായിട്ടുണ്ട്. ഹരിതകർമസേന വഴിയാണ് പാഴ്വസ്തു ശേഖരണം. മാലിന്യം മൂല്യവത്താക്കി കിട്ടുന്ന തുക ഹരിതകർമസേനയ്ക്ക് തന്നെ കൈമാറുന്നു. മാലിന്യനീക്കത്തിന് പൊതു- സ്വകാര്യ പങ്കാളിത്തത്തിൽ 54ലധികം ഏജൻസികളുമായി കമ്പനി സഹകരിക്കുന്നു. പുനഃചംക്രമണ സാധ്യതയുള്ള പാഴ്വസ്തുക്കൾ അതിനായി കൈമാറുന്നു. അല്ലാത്തവ സംസ്ഥാനത്തിനു പുറത്തുള്ള സിമന്റ് ഫാക്ടറികൾക്ക് നൽകുന്നു.

കേരളത്തെ സമ്പൂർണ മാലിന്യമുക്തമാക്കാനായി, മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ നടപടികൾ ശക്തമാക്കിയതും മാലിന്യസംസ്കരണത്തിന് കൂടുതൽ സൗകര്യങ്ങൾ ഒരുക്കിയതുമാണ് മാലിന്യശേഖരണത്തിന്റെ തോത് ഉയർത്തിയത്. മാലിന്യശേഖരണം കാര്യക്ഷമമാക്കുന്നതിനൊപ്പം മുഴുവൻ മാലിന്യവും ശാസ്ത്രീയമായി സംസ്കരിക്കാനുള്ള സംവിധാനവും ഉറപ്പാക്കി.

# വിജ്ഞാന കേരളം – ലക്ഷം പേർക്ക് തൊഴിൽ നൽകാൻ കുടുംബശ്രീ



വിജ്ഞാനകേരളവുമായി സഹകരിച്ച് കുടുംബശ്രീ നടപ്പാക്കുന്ന തൊഴിൽ ക്യാമ്പയിനിലൂടെ ലക്ഷം പേർക്ക് തൊഴിൽ നൽകാനുള്ള പ്രവർത്തനങ്ങളിൽ പുരോഗതി. 55913 പേർക്ക് തൊഴിൽ നൽകിയെന്ന് മന്ത്രി എം ബി രാജേഷും വിജ്ഞാനകേരളം ഉപദേശകൻ ഡോ. ടി എം തോമസ് ഐസക്കും വാർത്താ സമ്മേളനത്തിൽ പറഞ്ഞു. സ്വകാര്യ, പൊതുമേഖലാ സ്ഥാപനങ്ങൾ വഴി ഈ മാസം അവസാനത്തോടെ ഇത് ഒരു ലക്ഷമാക്കും. കൂടുതൽ തൊഴിൽ കണ്ടെത്തിയത് കണ്ണൂരിലാണ് (15641).

ജിയോയുമായി ചേർന്ന് 10,000 പേർക്ക് തൊഴിൽ നൽകാൻ തീരുമാനമായി. ഡിജിറ്റൽ ഉൽപന്നങ്ങളുടെ വിപണനം, വർക്ക് ഫ്രം ഹോം, കസ്റ്റമർ കെയർ, ടെലി കോളിങ്ങ് ഉൾപ്പെടെയുള്ള മേഖലകളിലേക്കാണ് ഇവരെ പരിഗണിക്കുക. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് റിലയൻസ് പരിശീലനം നൽകും. ആകർഷകമായ വേതനവും ലഭ്യമാക്കും. ഇതിനായി കുടുംബശ്രീയും റിലയൻസ് പ്രോജക്ട്സ് ആൻഡ് പ്രോപ്പർട്ടി മാനേജ്മെന്റ് സർവീസസ് ലിമിറ്റഡും ധാരണാപത്രം ഒപ്പുവച്ചു. മന്ത്രി എം ബി രാജേഷിന്റെ സാന്നിധ്യത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എച്ച് ദിനേശൻ, റിലയൻസ് ജിയോ കേരള ബിസിനസ് ഹെഡ് ഹേമന്ത് അംബോർക്കർ എന്നിവരാണ് ധാരണാപത്രം കൈമാറിയത്. യോഗ്യരായവരുടെ പട്ടിക കുടുംബശ്രീ സിഡിഎസുകൾ വഴി റിലയൻസിന് ലഭ്യമാക്കും. ചെയ്യുന്ന ജോലിക്കനുസരിച്ചാണ് വേതനം.

ജിയോയിൽ ഈ രംഗത്ത് തൊഴിൽ ചെയ്യുന്നവർക്ക് പ്രതിമാസം 15,000 രൂപയിലേറെ ലഭിക്കുന്നുണ്ട്. ടെലികോളിങ് മേഖലയിൽ മുന്നൂറു പേർക്ക് വർക്ക് ഫ്രം ഹോം ജോലിയും നൽകുന്നുണ്ട്. പുറത്തുപോയി ജോലി ചെയ്യാൻ താൽപര്യമില്ലാത്തവർക്ക് ഇത് സഹായകമാകും. വിവിധ വൻകിട സ്ഥാപനങ്ങളിലും പൊതുമേഖലാ ബാങ്കുകളിലും ഇതിനകം തൊഴിൽ ലഭ്യമായിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

# പാർപ്പിടാവകാശം ഉറപ്പിക്കാൻ ഏക കിടപ്പാടം സംരക്ഷണ നിയമം



സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ധനകാര്യസ്ഥാപനത്തിൽനിന്ന് വായ്പ യെടുത്ത് ജപ്തിഭീഷണി നേരിടുന്ന സാധാര ണക്കാർക്ക് സംരക്ഷണം നൽകുന്ന കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ 2025 നിയമസഭ പാസാക്കി. ഏകകിടപ്പാടം പണയപ്പെടുത്തി വായ്പ എടുത്തവരിൽ ബോധപൂർവ്വമല്ലാതെ തിരിച്ചടവ് മുടങ്ങി യവർക്ക് വ്യവസ്ഥകൾക്ക് വിധേയമായി ജപ്തിനടപടികളിൽ നിന്ന് സംരക്ഷണം നൽകുന്നതാണ് നിയമം.

വായ്പാതുക അഞ്ച് ലക്ഷം രൂപയിലും പിഴപ്പലിശ ഉൾപ്പെടെ തിരിച്ചടവ് ബാധ്യത 10 ലക്ഷത്തിലും കൂടരുത്. മറ്റ് വസ്തുവകകളോ, തിരിച്ചടവിന് മറ്റ് മാർഗങ്ങളോ ഉണ്ടാകരുത് വാർഷിക വരുമാനം മൂന്നു ലക്ഷത്തിൽ താഴെയായിരിക്കണം. വിദ്യാഭ്യാസം, ചികിത്സ, വിവാഹം, ഭവന നിർമാണം, ഭവന പരിഷ്ക്കരണം, കൃഷി, സ്വയം തൊഴിൽ എന്നീ ആവശ്യങ്ങൾക്ക് വായ്പയെടുത്തവർക്കാണ് നിയമത്തിൽ സംരക്ഷണം ലഭിക്കുക. പണയ പ്പെടുത്തിയ വസ്തു കൈമാറുകയോ വിൽക്കുകയോ ചെയ്തവർക്ക് നിലവിലുള്ള വസ്തുവിന് സംരക്ഷണം ലഭിക്കില്ല. വായ്പയെടുത്തയാൾക്ക് ആധാർ മുതലായ രേഖകൾ ഉണ്ടായിരിക്കണം.

ധനകാര്യ സ്ഥാപനങ്ങൾക്ക് നേരിട്ട് ജപ്തി നടപടികൾക്ക് അധികാരം കൊടുക്കുന്ന സർഫാസി നിയമം കേന്ദ്രനിയമമായതിനാൽ അതിനെ മറികടക്കാനാകില്ല. ബദലായി ജില്ലാതല, സംസ്ഥാന തല സമിതികൾ രൂപീകരിക്കും. കടമെടുത്തയാൾക്ക് ജില്ലാ സമിതിയിൽ അപേക്ഷ നൽകാം. ജില്ലാ വികസന കമീഷണർ അധ്യക്ഷനായ ഈ സമിതി ധനകാര്യസ്ഥാപനവുമായി അനുരഞ്ജനശ്രമം നടത്തി തിരിച്ചടവ് പുനഃക്രമീകരിക്കാൻ ഇടപെടും. ജില്ലാ തലത്തിൽ പരിഹാരമുണ്ടാകാത്ത പരാ തികൾ സംസ്ഥാന സമിതിയാണ് പരിഗണിക്കുക. തിരിച്ചടവ് തുക പൂർണമായോ ഭാഗികമായോ സർക്കാർ ഏറ്റെടുക്കുന്നത് ഉൾപ്പെടെയുള്ള ശുപാർശകൾ സംസ്ഥാന സമിതി അംഗീകരിച്ചശേഷമാണ് ധനകാര്യ സ്ഥാപനത്തിലേക്ക് തുക കൈമാറുക. സംസ്ഥാന സമിതി ഇതിന് ആവശ്യമായ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർക്ക് നൽകും. ജപ്തി നടപടികൾ റദ്ദു ചെയ്തതിനു ശേഷം ആധാരവും മറ്റ് രേഖകളും അപേക്ഷകന് തിരികെ നൽകും. സമിതിയുടെ തീരുമാനത്തിൽ അതൃപ്തിയുണ്ടെങ്കിൽ 30 ദിവസത്തിനുള്ളിൽ ചീഫ് സെക്രട്ടറിക്കോ ചുമതലപ്പെടുത്തിയ അഡിഷണൽ ചീഫ് സെക്രട്ടറിക്കോ പരാതി നൽകാം.

രാജ്യചരിത്രത്തിൽ ആദ്യമായാണ് ഒരു സംസ്ഥാനം ഏകകിടപ്പാടം സംരക്ഷിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്നത്. ലൈഫ് പദ്ധതിയുടെ നേട്ടങ്ങൾ സുസ്ഥിരമാക്കാൻ ഈ നിയമം സഹായിക്കും.

# പാലിയേറ്റീവ് കെയറിന് 'സാന്ത്വനമിത്ര'



കിടപ്പുരോഗികളുടെ പരിചരണത്തിനായി ആവിഷ്കരിച്ച 'കെ ഫോർ കെയർ' നുപുറമേ, 'സാന്ത്വനമിത്ര' എന്ന പേരിൽ സാമൂഹ്യാധിഷ്ഠിത പരിചരണ സേവകരുടെ സേന രൂപീകരിക്കാൻ കുടുംബശ്രീ. അമ്പതിനായിരം പേർക്ക് പരിശീലനം നൽകി രംഗത്തിറക്കുകയാണ് ലക്ഷ്യം. പതിനായിരം പേർക്ക് ഉടൻ പരിശീലനം നൽകും. വിജ്ഞാന കേരളം-കുടുംബശ്രീ തൊഴിൽ ക്യാമ്പയിന്റെ ഭാഗമായാണിത്.

പാലിയേറ്റീവ് കെയർ രംഗത്തെ തൊഴിലവസരങ്ങൾ കുടുംബശ്രീ അംഗങ്ങൾക്ക് ലഭ്യമാക്കുകയാണ് പദ്ധതിയിലൂടെ. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനം വഴി പാലിയേറ്റീവ് കെയർ ആവശ്യമായ കുടുംബങ്ങൾക്ക് മിതമായ നിരക്കിൽ പ രിചരണം ലഭ്യമാക്കും. പരിശീലനം ലഭിച്ച ഹോം നഴ്സുമാരുടെ സേവനം നിശ്ചിത ഫീസ് ഈടാക്കി ലഭ്യമാക്കും. ആരോഗ്യ വകുപ്പിന്റെ സാങ്കേതിക നേതൃത്വവും പരിശീലനവും സാന്ത്വനമിത്രയ്ക്ക് നൽകും. പൊതുജനാരോഗ്യ രംഗത്ത് ആരോഗ്യ-തദ്ദേശ സ്വയംഭരണ വകുപ്പുകളുടെയും വിജ്ഞാന കേരളത്തിന്റെയും സംയുക്ത സംരംഭമാകുമിത്. ഗൃഹപരിചരണം ആവശ്യമുള്ളവരെ എഡിഎസുകളുടെ നേതൃത്വത്തിൽ കണ്ടെത്തും.

വിജ്ഞാനകേരളം പദ്ധതിയുടെ ഭാഗമായുള്ള സിഡിഎസ് തൊഴിൽ കേന്ദ്രത്തിൽ ഇവരുടെ വിവരങ്ങൾ രജിസ്റ്റർചെയ്യും. കുടുംബശ്രീ അംഗങ്ങളിൽ പാലിയേറ്റീവ് കെയർ മേഖലയിൽ ജോലിചെയ്യാൻ താൽപ്പര്യമുള്ളവരെ കണ്ടെത്തി ശാസ്ത്രീയ പരിശീലനം നൽകും. പ്രാഥമിക പരിശീലനം പൂർത്തീകരിച്ചവർക്ക് ഒരുവർഷത്തിനുള്ളിൽ സർട്ടിഫൈഡ് കെയർടേക്കർമാരാകാനുള്ള കോഴ്സുകളിൽ പരിശീലനം ലഭ്യമാക്കും. കെ- ഡിസ്കുമായി ചേർന്നാണ് നടപ്പാക്കുക.

# കൊച്ചി നഗരത്തിന് എൽഇഡി തെരുവുവിളക്കുകൾ

കൊച്ചി നഗരത്തിൽ 40,400 സ്മാർട്ട് എൽഇഡി തെരുവുവിളക്കുകൾ സ്ഥാപിച്ചു. കൊച്ചിൻ സ്മാർട്ട് സിറ്റി മിഷൻ ലിമിറ്റഡിന്റെ സഹകരണത്തോടെ കൊച്ചി കോർപ്പറേഷൻ പരിധിയിലെ 2263 പ്രദേശിക റോഡുകളിലും 102 പ്രധാന റോഡുകളിലും 223 ചെറിയ റോഡുകളിലും മൂന്ന് സംസ്ഥാന പാതയിലും മൂന്ന് ദേശീയ പാതയിലുമാണ് എൽഇഡി ലൈറ്റുകൾ സ്ഥാപിച്ചത്. 30 കോടി രൂപ യാണ് ചെലവ്.

എൽഇഡി ലൈറ്റുകൾക്ക് ഇന്ധനക്ഷമത കൂടുതൽ ഉള്ളതിനാൽ വൈദ്യുതി ഉപയോഗവും കാർബൺ ബഹിർഗമനവും കുറയ്ക്കാൻ സഹായിക്കും. ഇതിലൂടെ കൊച്ചി നഗരസഭയുടെ വൈദ്യുതി ബില്ലിൽ 10 കോടിയോളം രൂപ ലാഭിക്കാൻ കഴിയും. മെയിന്റനൻസ് പൂർണമായും ലൈറ്റുകൾ സ്ഥാപിച്ച കരാറുകാരൻ ആയിരിക്കും ചെയ്യുക. ഈയിനത്തിലും മെയിന്റനൻസ് ചെലവുകൾ കുറയും.

നേരത്തെ ലൈറ്റ് ഇടുന്നത് കരാറുകാർ ആയിരുന്നു. ലൈറ്റ് റിപ്പയർ ചെയ്യാൻ അവർക്ക് തുക നൽകുകയായിരുന്നു. അതിനും മാറ്റം വരുകയാണ്. നഗരത്തിൽ എല്ലാ സ്ഥലങ്ങളിലും പരിപൂർണ്ണമായ ലൈറ്റിംഗ് സംവിധാനവും 24 മണിക്കൂറിനകം തകരാറുകൾ പരിഹരിക്കാനുള്ള സംവിധാനവും ആഴ്ചകൾക്കകം പൂർണമാകും.

# കൊച്ചിക്ക് പുതിയ നഗരസഭാ മന്ദിരം



സംസ്ഥാനത്തെ നഗരസഭാ മന്ദിരങ്ങളിൽ ഏറ്റവും വലുത് ഇനി കൊച്ചിക്ക് സ്വന്തം. മറൈൻഡ്രൈവിൽ അബ്ദുൾ കലാം മാർഗി നോടുചേർന്ന് നിർമാണം പൂർത്തിയാക്കിയ കോർപറേഷന്റെ പുതിയ ആസ്ഥാന മന്ദിരം മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിച്ചു. മേയർ എം അനിൽകുമാർ അധ്യക്ഷനായി. കോർപറേഷൻ ആസ്ഥാനമന്ദിരത്തിനായി സ്ഥലം ലഭ്യമാക്കിയ മുൻ മേയർ സി എം ദിനേശ്മണിയെ എം അനിൽകുമാർ ആദരിച്ചു. വ്യവസായമന്ത്രി പി രാജീവ് മുഖ്യപ്രഭാഷണം നടത്തി.

അത്യാധുനിക സൗകര്യങ്ങളോടെ 1,75,930 ചതുരശ്രയടിയിലാണ് മന്ദിരം പൂർത്തിയാക്കിയത്. ഒന്നര ഏക്കറിൽ വാസ്തുഭംഗിയോടുകൂടിയാണ് ആസ്ഥാനമന്ദിര നിർമാണം. ബേസ്മെന്റ്, ഗ്രൗണ്ട് ഫ്ളോറുകൾക്കുപുറമെ ആറ് നിലകളുണ്ട്.

2006 ഏപ്രിൽ 17ന് നിർമാണമാരംഭിച്ച മന്ദിരം നിരവധി പ്രതിസന്ധികൾ മറികടന്നാണ് പൂർത്തിയാക്കിയത്. 2015–ൽ 18.75 കോടിയും 2018–ൽ 24.7 കോടിയുമായിരുന്നു എസ്റ്റിമേറ്റ്. തുടർന്ന് 2020–ൽ അധിക പ്രവൃത്തികൾക്കായി 43 കോടിയുടെ പദ്ധതി ആവിഷ്കരിച്ചു. 2020 ഡിസംബർവരെ ചെലവഴിച്ചത് 15.44 കോടി രൂപ. ആകെ 61 കോടിയാണ് നിർമാണച്ചെലവ്.

# കുടുംബശ്രീ പ്രീമിയം കഫേ ഇനി പാലക്കാടും




കുടുംബശ്രീയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ പതിമൂന്നാമത് പ്രീമിയം കഫേ റസ്റ്റോറന്റ് പാലക്കാട് ആരംഭിച്ചു. പാലക്കാട് കണ്ണമ്പ്ര പന്തലാംപാടത്ത് ദേശീയ പാതയ്ക്ക് സമീപം ജില്ലാ പഞ്ചായത്ത് പദ്ധതിയുടെ ഭാഗമായി നിർമിച്ച വഴിയോര വിശ്രമകേന്ദ്രത്തിലാണ് പുതിയ പ്രീമിയം കഫേ റസ്റ്റോറന്റിന്റെ പ്രവർത്തനം. തദ്ദേശ സ്വയംഭരണ മന്ത്രി എം ബി രാജേഷ് പ്രീമിയം കഫേ ഉദ്ഘാടനം ചെയ്തു. വിശ്വാസ്യതയാണ് കുടുംബശ്രീയുടെ കൈമുതലെന്നും കൈപ്പുണ്യമാണ് കുടുംബശ്രീയുടെ മുഖമുദ്രയെന്നും പ്രീമിയം കഫേ റസ്റ്റോറന്റ് ഉദ്ഘാടനം ചെയ്തു കൊണ്ട് മന്ത്രി പറഞ്ഞു. കുടുംബശ്രീയുടെ ഭക്ഷ്യമേളകൾക്കും ജനകീയ ഹോട്ടലുകൾക്കും വലിയ സ്വീകാര്യതയാണ് ലഭിക്കുന്നതന്നും മന്ത്രി കൂട്ടിച്ചേർത്തു. പ്രീമിയം കഫേ സന്ദർശിച്ച മന്ത്രി വനിതാ സംരംഭകരെ പരിചയപ്പെടുകയും ചെയ്തു.

ഏറ്റവും മികച്ച ആധുനിക സൗകര്യങ്ങളോടെയാണ് പാലക്കാട് പ്രീമിയം കഫേയുടെ പ്രവർത്തനം. പൂർണമായും ശീതീകരിച്ച റസ്റ്റോറന്റിൽ ഒരേ സമയം 50 പേർക്ക് ഭക്ഷണം കഴിക്കാനുള്ള സൗകര്യമുണ്ട്. രാവിലെ ആറ് മുതൽ രാത്രി 11 മണി വരെയാണ് പ്രീമിയം കഫേയുടെ പ്രവർത്തന സമയം. പാചക വൈവിധ്യം, അടിസ്ഥാന സൗകര്യങ്ങൾ, ഭക്ഷണവിതരണം, പാഴ്സൽ സർവീസ്, കാറ്ററിങ്ങ്, ഓൺലൈൻ സേവനങ്ങൾ, ശുചിത്വം, മികച്ച മാലിന്യസംസ്ക്കരണ ഉപാധികൾ എന്നിവയിലെല്ലാം ഗുണനിലവാരം പുലർത്തിക്കൊണ്ടാണ് പ്രവർത്തനങ്ങൾ. വെജ്, നോൺ വെജ് വിഭവങ്ങളും വിവിധ തരം ജ്യൂസ്, ഷേക്ക് എന്നിവയും റസ്റ്റോറന്റിൽ ലഭിക്കും. പദ്ധതിക്കായി ജില്ലയിലെ വിവിധ യൂണിറ്റുകളിൽ നിന്നും പരിചയസമ്പന്നരായ നാലു വനിതകളെ തിരഞ്ഞെടുത്തിട്ടുണ്ട്. പാചകവും വിതരണവും മുതൽ ബില്ലിങ്ങ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇവരാകും നിർവഹിക്കുക. ഇവർക്കാവശ്യമായ പിന്തുണ നൽകാൻ കുടുംബശ്രീയുടെ തന്നെ യുവശ്രീ ഗ്രൂപ്പായ 'ഐഫ്രേ'വും ഉണ്ട്.

യാത്രക്കാർക്കുള്ള റസ്റ്റോറന്റ് ഏരിയയ്ക്കൊപ്പം പ്രാഥമിക സൗകര്യങ്ങൾക്കുള്ള സംവിധാനങ്ങൾ, വിശ്രമ മുറികൾ എന്നിവയും വിശ്രമകേന്ദ്രത്തിലുണ്ട്. പാർക്കിങ്ങ് സൗകര്യവുമുണ്ട്. പ്രീമീയം കഫേയ്ക്കൊപ്പം ഈ കേന്ദ്രത്തിന്റെ പൂർണമായ നടത്തിപ്പു ചുമതലയും കുടുംബശ്രീ സംരംഭകർ വഹിക്കും. ഇതിന്റെ വരുമാനവും സംരംഭകർക്ക് ലഭിക്കും.

എറണാകുളം അങ്കമാലിയിലാണ് പ്രീമിയം കഫേ ശൃംഖലയ്ക്ക് തുടക്കമിട്ടത്. തുടർന്ന് വയനാട് ജില്ലയിലെ മേപ്പാടിയിലും തൃശൂരിൽ ഗുരുവായൂരിലും പ്രീമിയം കഫേ ആരംഭിച്ചു. ഇവയ്ക്കെല്ലാം മികച്ച പൊതുജന സ്വീകാര്യത ലഭിച്ചിരുന്നു. തുടർന്ന് രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി കോട്ടയം (കുറവിലങ്ങാട്), കോഴിക്കോട് (കൊയിലാണ്ടി), കാസർകോട് (സിവിൽ സ്റ്റേഷൻ), മലപ്പുറം (കോട്ടയ്ക്കൽ), തിരുവനന്തപുരം (സെക്രട്ടേറിയേറ്റിന് സമീപം), കണ്ണൂർ (ഇരിട്ടി), കൊല്ലം (ചവറ), പത്തനംതിട്ട (പന്തളം), ആലപ്പുഴ (കല്ലിശ്ശേരി) ജില്ലകളിലും പ്രീമിയം കഫേ റസ്റ്റോറന്റുകൾ ആരംഭിച്ചു. ഇനി ഇടുക്കി ജില്ലയിൽ മാത്രമാണ് തുടങ്ങാനുള്ളത്. ഇവിടെ പ്രീമിയം കഫേ തുടങ്ങുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുകയാണ്. കഴിഞ്ഞ വർഷം ജനുവരിയിലാണ് പ്രീമിയം കഫേ റസ്റ്റോറന്റ് ശൃംഖലയ്ക്ക് തുടക്കമിട്ടത്. സംരംഭകർക്ക് സുസ്ഥിര വരുമാന ലഭ്യത ഉറപ്പാക്കുന്നതിനൊപ്പം പൊതുജനങ്ങൾക്കായി എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടിയ ഭക്ഷ്യശാലാ ശൃംഖല സംസ്ഥാനമൊട്ടാകെ ആരംഭിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. നിലവിൽ ഇരുനൂറിലേറെ വനിതകൾക്ക് മികച്ച തൊഴിലും വരുമാനവും ഉറപ്പു വരുത്താൻ പദ്ധതി വഴി സാധിക്കുന്നുണ്ട്.



Marry Click Done
ഓൺലൈൻ വിവാഹ രജിസ്ട്രേഷൻ
Ksmart
കേരളം വഴികാട്ടുന്നുവെന്ന് ദേശീയ മാധ്യമങ്ങൾ
ET THE ECONOMIC TIMES
Marriage registration through video KYC an instant hit in Kerala; A boon to NRKs
The Tribune
Trending Videos India Opinion UPSC
Home / India / Online marriage registration through video KYC a hi
Online marriage registration through video KYC a hit in Kerala
Digital system proves a boon for Non-resident Keralites
PTI
Thiruvananthapuram, Updated At : 10:34 AM Sep 28, 2025 IST
HOME PAGE » NEWS » KERALA » MARRIAGE
Marry, click, done: Kerala's digital marriage registration is a 'saviour' for NRK couples
# News Desk
28 September 2025, 09:44 AM IST
Business Standard
HOME FINANCE NEWS ANALYSIS PERSONAL FINANCE
Subscribe
Marriage registration goes digital in Kerala: Here's how video KYC works
Kerala's new video KYC system lets couples register their marriages online quickly and easily. Here's a simple guide to complete the process from anywhere.
Business Standard
Home / India News / Kerala's video KYC marriage registration gai...
Kerala's video KYC marriage registration gains popularity, aiding NRKs
Launched across urban local bodies in the January last year, it has been extended to from this April, ensuring universal access
THE WEEK
Home Wire Updates NATIONAL
Marriage registration through video KYC an instant hit in Kerala A boon to NRK
GNT गुड न्यूज़ टुडे
LIVE
Marriage Registration Through Video KYC: घर बैठे कर सकते हैं शादी का रजिस्ट्रेशन... इस राज्य ने शुरू की डिजिटल सर्विस... जानिए
मलयाली लोग दुनिया के किसी भी कोने से सिर्फ़ ऑनलाइन प्रक्रिया के ज़रिए अपनी शादी रजिस्टर करा सकते हैं और कुछ ही मिनटों में डिजिटल
Hindustan Times
Subscribe
Video KYC marriage registration gains popularity in Kerala, a relief for Non-Resident Keralites
PTI
Updated on: Sept 28, 2025 09:32 am IST
IN FOCUS
Kerala's Digital Revolution: Marriages Are Just a Click Away!
Kerala has pioneered an online marriage registration system through the K-SMART platform, allowing couples to register without being physically present. The initiative, launched across urban and rural areas, has led to over 62,524 online registrations, significantly reducing the need for physical presence in local offices.
M.B Rajesh
MINISTER FOR LSGD&EXCISE& PARLIAMENTARY AFFAIRS

THADDESAKAM (MONTHLY) OCTOBER 2025
₹30 Annual Subscription ₹300, Published on October 2025

RNI. No: KERML/2023/89208
Press Registrar General of India Dated 16/10/2024




Printed & published and Owned by Geromic George I A S, Principal Director, Directorate of Local Self Government
Department of Kerala, Printed at Gramalekshmi Mudralayam, Kalliyoor, Thiruvananthapuram
Published from Principal Directorate, Swaraj Bhavan, Nandancode, Kowdiar P.O., Thiruvananthapuram, Kerala 695 003,
Editor: Deepa K.